ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജന പ്രസ്ഥാനത്തിന്റെ മുഖപത്രം

# എഫത്താ

JULY 2015


| | |
|---|---|
| ആശംസകൾ | Rev. Fr. Shaji Mathews |
| | Rev. Fr. Lany Chacko |
| എഡിറ്റോറിയൽ | Alexander Jose Alex |
| ചിന്താവിഷയം | H.G. Yuhanon Mar Policarpos |
| അഭിമുഖം | H.G. Dr. Abaham Mar Seraphim |
| ലേഖനം | Rev. Fr. Dr. K.M. George |
| ഓർമ്മക്കുറിപ്പ് | Rev. Fr. Manoj Mathew |
| കവിത | Eva John |
| ലേഖനം | Babu Kurian Puliyeril |
| ലേഖനം | Ginu Koshy Kunnumpurathu |
| കവിത | Dr. Jobins John |
| ലേഖനം | Thomas N.U. |
| ചെറുകഥ | Jerry Varghese |
| ലേഖനം | Bibin Abraham |
| ആരോഗ്യം | Dr. Swapna Binu |
| കവിത | Saji Mammoottil |
| ലേഖനം | Adv. Jino Mannithodan |
| പാരിഷ് യൂത്ത്മീറ്റ് | Manoj Thomas |
| യുവജന പ്രസ്ഥാനം പ്രവർത്തനങ്ങളിലൂടെ | Bintu Mathai |



**Editorial Board**

Rev. Fr. Shaji Mathews
Rev. Fr. Lany Chacko
Alexander Jose Alex
Bintu Mathai
Reji Chacko
Cherian Oommen
Kurian Varghese
Thomas N.U.
Ginu Koshy



**Layout & Design**
Reji Maramon



WORSHIP - STUDY - SERVICE

**OCYM**

St. Thomas Orthodox Cathedral
Dubai - UAE

MEPROX
AIRCONDITIONING SYSTEMS L.L.C.



## COMPANY PROFILE

UAE is developing into one of the leading developed nations, where a number of projects particularly in building construction for various types of amazing utilities are ongoing. To provide service to this “Meprox Airconditioning Systems LLC” works has been incorporated. The objective of the company Meprox is to produce Top Quality, Cost Effective and Technically secured results on time and to aspire to exceed client’s expectations. This would meet the specified requirements and quality standard of the client’s by proper design, documentation, implementation and execution of the project particularly in mechanical sector which should comply international standards.

## SERVICES

To be preferred partner of the industry, we provide world class products and services in the field of HVAC, Fire Fighting System, Electrical and Plumbing Works in UAE and well beyond

**Address**
Dubai: P. O. Box : 38031, Dubai, U.A.E., Tel: 04 3285884, Fax: 04 3285886
Al Ain: 03 764 0501, Fax: 03 764 0506
E-mail: info@meprox.ae, Web: www.meproxae.com



**Fr. Shaji Mathews**
Vicar & President

# ആശംസകൾ

ദൈവനാമത്തിനു മഹത്വമുണ്ടായിരിക്കട്ടെ

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ പെരുന്നാളിനു യുവജന പ്രസ്ഥാനം പ്രസിദ്ധീകരിക്കുന്ന എഫഥായിലൂടെ നിങ്ങളുമായി ബന്ധപ്പെടുവാൻ ഈ അവസരം വിനിയോഗിക്കട്ടെ. ജീവിതത്തിന്റെ വെല്ലുവിളികളെ ഏറ്റെടുക്കുവാനും നേരിടുവാനും യുവത്വം എപ്പോഴും മുൻപന്തിയിൽ നിൽക്കുന്നു. ഈ യുവത്വത്തിന്റെ ആവേശം ഉൾക്കൊണ്ട് നസ്രായനായ യേശുവിന്റെ വിളിയെ ഒരു ആത്മീയ വെല്ലുവിളിയായി സ്വീകരിച്ച് അവന്റെ പാദം പിൻപറ്റിയ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹാ യരുശലേമിൽ നിന്ന് ഭാരതസുവിശേഷീകരണത്തിനുള്ള നിയോഗം ഏറ്റെടുത്തു. തന്റെ നിയോഗം ഏറെ കഷ്ടപ്പാടുകളും സാഹസികതയും നിറഞ്ഞതാണെന്ന് മനസിലാക്കിയിട്ടും പിൻമാറാതെ സധൈര്യം അതിനെ ശിരസാവഹിച്ചു. ദൈവാശ്രയ ബോധത്തോടെ ഒരു ദൃഢനിശ്ചയം എടുത്ത മാർത്തോമ്മാ ശ്ലീഹാ ഭാരതസുവിശേഷീകരണത്തിനുവേണ്ടി തന്റെ ജീവനെ ബലിയായി നൽകുവാനും തയ്യാറായി. ആ ജീവന് വലിയ വിലയുണ്ട്. ആ വില അദ്ദേഹത്തിനുവേണ്ടി അനേകരെ ക്രിസ്തുവിലേക്ക് ആദായപ്പെടുത്തുമ്പോൾ നമുക്ക് തിരികെ നൽകുവാൻ സാധിക്കുന്നു. അശരണരെയും നിരാലംബരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും കണ്ടെത്തി അവരുടെ ആത്മ ശരീര മനസുകളുടെ രക്ഷക്കായി പ്രയോജനപ്പെടുത്തുമെന്ന് ഇത്തരുണത്തിൽ നമുക്ക് പ്രതിജ്ഞ എടുക്കാം.

# راشـــد المـري لخـــدمـــات (ش.ذ.م.م.)

# RASHED AL MARRI SERVICES L.L.C.

Contact number : Tel :+97142358086, +97142359400, Fax: +97142359401
Mob:0506542652, 0528866400

- External washing & glass cleaning of high rise buildings (Rope Access & Cradle)
- Painting Contract
- Grinding & crystalize polishing of marble & Mosaic



- Shampooing of sofa, carpet & Car seat
- Glue removing & PVC WAX Polishing
- Leather Refurbishing
- Plumbing & Sanitary contracting
- Carpentry & Flooring Contracting



- Partition & False ceiling contracting
- Contract cleaning of offices, Buildings & Hospitals
- General cleaning of Villas, Flats & Buildings

Email: info@rashedalmarriservices.com, admin@rashedalmarriservices.com
rejithomas@rashedalmarriservices.com
www.rashedalmarriservices.com
Address: Office#: 413, Galaxy building Firj Al Murar, Deira



**Fr. Lany Chacko**
Asst. Vicar

# ആശംസകൾ

ദൈവതിരുനാമത്തിനു മഹത്വമുണ്ടായിരിക്കട്ടെ

***Proverb: 16:9 -*** *" In his heart a man plans his course, but the Lord determines his steps". Whatever you do, do it with God, make plans in your hearts, step out in faith, and seek Him, He establishes.*

ജീവിതത്തിൽ ലഭ്യമായ ഓരോ നിമിഷത്തിലും ജീവിക്കുവാനും, നിമിഷങ്ങൾക്ക് ജീവൻ നല്കുവാനും നമുക്ക് കഴിയണം. എത്രകാലം ജീവിക്കുന്നു എന്നതിനപ്പുറം, ഈ ലോകത്തിൽ തങ്ങൾക്കു കിട്ടിയ നിമിഷങ്ങളിൽ ഉണർന്നിരിക്കുന്ന, ജാഗ്രതയോടെ പ്രവർത്തിക്കുന്നവരാണ് ഉത്തമ യുവജനങ്ങൾ എന്ന് തങ്ങളുടെ പ്രവർത്തനങ്ങളിലൂടെ കാണിച്ചുതന്നവരാണ് ദുബായ് യുവജനപ്രസ്ഥാന അംഗങ്ങൾ. കാർഷിക അവാർഡ്, അടുക്കളത്തോട്ടം, പുസ്തകോത്സവം, പാരിഷ് യൂത്ത് മീറ്റ്, ഗ്രീഗോറിയൻ വർഷിപ്പ്, ബ്ലഡ് ഡോണേഷൻ ക്യാമ്പ്, ജോബ് സെൽ, മലയാളം ക്ലാസ്, എഡിഫൈ കെയർ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ തങ്ങൾക്കു കിട്ടിയ നിമിഷങ്ങളെ സ്വർഗ്ഗീയ അനുഭവങ്ങളാക്കി മാറ്റാൻ അവർക്കു കഴിഞ്ഞു എന്നത് അഭിനന്ദനീയം ആണ്. പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ പെരുന്നാളിന് യുവജനപ്രസ്ഥാനം പ്രസിദ്ധീകരിക്കുന്ന എഫഥാ, അവരുടെ പ്രവർത്തനങ്ങൾക്കും പ്രസ്ഥാനത്തിനും ഓജസ്സും തേജസ്സും കൊടുക്കട്ടെ എന്നാശംസിക്കുന്നു.

All Type of T-Shirts & Jeans (Wholesale) Available Here



الصنور للتجارة الملابس الجاهزة ش ذ م م

AL SANOOR
GARMENTS TRADING L.L.C

Tel : 042887348 - Mob : 056 297 5675
Near Khaibar Hotel - Murshid Bazar
Deira- Dubai - UAE
E-mail : sajidperingalam@gmail.com

# RECOVERING DATA...SAVING LIVES, SINCE 2001

*MORE Datarecovery, pioneers of Data Recovery in the Middle East specializes in recovering data from all types of storage devices*

"Recovering Data since 2001"



- *Hard Drives, SSD drives, RAID servers, Memory Cards, CD/ DVD, USB etc.*
- *External drives, NAS devices, iPads, iPhone, Windows/ Android Phones etc.*
- *Free Pickup/ Delivery all over UAE**
- *Free Diagnosis, Online Quotes, Priority/ Emergency Services*
- *Recovery partner for most Fortune 100 companies, Banks etc.*
- *Certified Engineers, recommended by major Drive/PC manufacturers etc.*

*Parking facility available* ** Conditions apply*

MORE DATA RECOVERY
*salvaging data, restoring lives*

*UAE Toll Free: 800 – DATA (3282), 24/7 helpline: +971 55 7550647*

**www.Datarecovery.ae**



# എഡിറ്റോറിയൽ

''പണ്ഡിതനും കവിക്കുമിടയിൽ ഒരു പച്ചപ്പാടമുണ്ട്
പണ്ഡിതൻ അതു മുറിച്ചു കടന്നാൽ ഒരു പരമാർത്ഥിയാകും
കവി അതു മുറിച്ചു കടന്നാൽ പ്രവാചകനാകും''
-ഖലിൽ ജിബ്രാൻ

ലക്ഷ്യവും നമ്മുടെ സ്ഥാനവും തമ്മിലുള്ള ദൂരമാണ് ഉത്കണ്ഠ എങ്കിൽ......നവലോക ക്രമം ഉത്കണ്ഠകളുടെ കാലഘട്ടമാണ്. ഇത്തരണത്തിൽ ആരാധന, പഠനം, സേവനം ഒരു പുനർ വായനയ്ക്ക് വിധേയമാക്കപ്പെടുക എന്നത് സമകാലിക സമൂഹത്തിന്റെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ്. ''പാരിഷ് യൂത്ത് മീറ്റ്'' ഇതിനുള്ള ആദ്യ ചുവട് വയ്പായിരുന്നു.

കാൽവറി തന്ന സന്ദേശവും ക്രിസ്തുവിന്റെ രക്ഷണ്യ പ്രവർത്തനവും ആർഷ ഭാരതത്തിൽ എത്തിച്ച കർത്തൃ ശിഷ്യൻ വിശുദ്ധ തോമ്മാശ്ലീഹായുടെ ചുടുനിണം കൊണ്ട് കുതിർന്ന കർമ്മ ഭൂവിൽ ആദ്ധ്യാത്മിക നവോത്ഥാനത്തിന് നേതൃത്വം നൽകേണ്ടത് യുവജനങ്ങളാണ്.


സ്വർഗ്ഗീയ ആരാധനയുടെ സൗരഭ്യം, ബോധദീപ്തിയെ ജ്വലിപ്പിക്കുന്ന പ്രബോധനങ്ങൾ, മാനവികതയെ സുരഭിലമാക്കുന്ന നിസ്വാർത്ഥ സേവനം എന്നീ ആപ്ത വാക്യങ്ങൾ ചേർന്നതാണ് ''O C Y M ദുബായ് യൂണിറ്റ്''

കൃപയും സുകൃതവും നിറവും ജീവനും ആവോളം നൽകുന്ന സമൃദ്ധിയുടെ പച്ചപ്പാടമാണ് O C Y M ദുബായ്. പച്ചപ്പാടത്ത് വിരിഞ്ഞ ജീവിത ഗന്ധിയായ ഈ അക്ഷരപ്പൂക്കൾ എഫഥായുടെ താളുകളിൽ നിറയുന്നു.

ആശിർവദിച്ചാലും

**അലക്സാണ്ടർ ജോസ് അലക്സ്**
ചീഫ് എഡിറ്റർ

അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ്
യുവജനപ്രസ്ഥാനം പ്രസിഡന്റ്



# "അവനോ വളരേണം, ഞാനോ കുറയേണം"

2015 വർഷത്തിലേക്ക് എന്റെ പ്രിയപ്പെട്ട ചെറുപ്പക്കാരുടെ ചിന്തയ്ക്കും ധ്യാനത്തിനുമായി ഒരു പുതിയ വിഷയം അവതരിപ്പിക്കുന്നു. നമ്മുടെ കർത്താവിനെ മനസ്സിൽ കണ്ടുകൊണ്ട് വി. സ്നാപക യോഹന്നാൻ പറയുന്ന വാക്കുകളാണ് കർത്താവിന്റെ പ്രിയ ശിഷ്യനായ യോഹന്നാൻ തന്റെ സുവിശേഷത്തിൽ കുറിച്ചിട്ടിരിക്കുന്നത്. "അവനോ വളരേണം, ഞാനോ കുറയേണം" (വി. യോഹ 3.30). ഈ വർഷത്തെ ചിന്തയ്ക്കും ധ്യാനത്തിനും, പഠനത്തിനും അതിലുപരി പ്രായോഗിക ജീവിതത്തിൽ പകർത്തുന്നതിനും ഈ വിഷയം അനുഗ്രഹമായിത്തീരട്ടെ. 'അവനവനിസം' കൂടി വരുന്ന നമ്മുടെ ഈ കാലത്തിൽ ഈ വാക്യം കൂടുതൽ പ്രസക്തമാകുന്നു. ആയതിനാൽ നമുക്ക് ഒത്തൊരുമിച്ച് പാടാം.

"എല്ലാം അങ്ങേ മഹത്വത്തിനായ് എല്ലാം അങ്ങേ പുകഴ്ചക്കുമായ്
തീർന്നീടണമെ പ്രിയനെ തിരുനാമം ഉയർന്നിടട്ടെ"

ഈ ഗാനത്തിൽ 'അങ്ങേ' എന്നതിന് പകരം 'എന്റെ' എന്ന് ചേർത്ത് പാടുന്നതല്ലേ ഇന്നത്തെ യുക്തിക്ക് ചേർന്നത്? എന്ന് വച്ചാൽ 'എല്ലാം എന്റെ മഹത്വത്തിനായ്........'

**1. വി. യോഹന്നാനും സുവിശേഷവും**

തന്റെ ചെറുപ്രായത്തിൽ കർത്താവിനോടൊപ്പം നടക്കുകയും കണ്ടതും കേട്ടതുമായ കാര്യങ്ങൾ ഹൃദിസ്ഥമാക്കുകയും അത് അന്തരാത്മാവിൽ മനനം ചെയ്ത് 'ഉലയിൽ ഉരുക്കി ഏഴ് പ്രാവശ്യം ശുദ്ധി ചെയ്ത വെള്ളി പോലെയാക്കി' എന്ന് പറഞ്ഞാൽ പൂർണ്ണമാവില്ല തങ്കം പോലെയാക്കി മനസ്സിൽ സൂക്ഷിച്ച് അറുപത് വർഷങ്ങൾക്ക് ശേഷം ബാഹ്യമായ മാധ്യമത്തിലേക്ക് രേഖപ്പെടുത്തി പകർത്തിയതാണ് വി.യോഹന്നാന്റെ സുവിശേഷം. മറ്റ് മൂന്ന് സുവിശേഷങ്ങളിലെ പോലെ നമ്മുടെ കർത്താവിന്റെ ജീവചരിത്രം ക്രമമനുസരിച്ച് എഴുതിയ ഒന്നായിട്ട് ഈ സുവിശേഷത്തെ കരുതാൻ പറ്റുകയില്ല. നമ്മുടെ സഭയുടെ ശ്രേഷ്ഠ പണ്ഡിതനും, വേദശാസ്ത്രജ്ഞനും ആയിരുന്ന പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ വാക്കുകളിൻ പ്രകാരം : കർത്താവിന്റെ പരസ്യശുശ്രൂഷയിലെ പ്രധാന വിഷയങ്ങൾ കോർത്തിണക്കി മനോഹരമാക്കി എഴുതിയ ഇരുപത്തൊന്ന് പ്രസംഗങ്ങളാണ് വി.യോഹന്നാന്റെ സുവിശേഷം. അതുകൊണ്ട് സുവിശേഷത്തിന്റെ അവസാനത്തിൽ യോഹന്നാൻ കുറിക്കുന്നു : "യേശു ചെയ്തത് മറ്റ് പലതും ഉണ്ട് ; അത് ഓരോന്നായി എഴുതിയാൽ എഴുതിയ പുസ്തകങ്ങൾ ലോകത്തിൽ തന്നെ ഒതുങ്ങുകയില്ല എന്ന് ഞാൻ നിരൂപിക്കുന്നു" (വി.യോഹ. 21 : 25).

വി. യോഹന്നാൻ കർത്താവിന്റെ പരസ്യശുശ്രൂഷ ആരംഭം മുതൽക്ക് ഒരു സ്നേഹമായി, നിഴലായി, പ്രിയമായി, ഭയലേശമന്യേ കൂടെയുണ്ടായിരുന്നു. പോയിടത്തെല്ലാം; വിസ്താര നേരത്തും, ക്രൂശുമരണത്തിലും, ഉയർപ്പിലുമെല്ലാം. വി. യോഹന്നാന്റെ സുവിശേഷത്തിൽ വി.യോഹന്നാൻ നമ്മുടെ കർത്താവിന്റെ അവതാര ഉദ്ദേശം, നമ്മുടെ കർത്താവും ത്രിത്വവുമായുള്ള ബന്ധം, നാമും ത്രിത്വവുമായി എങ്ങനെയായിരിക്കണമെന്നും പറഞ്ഞ് തരുന്നു. നമ്മുടെ കർത്താവ് ത്രിത്വത്തിൽ രണ്ടാമനാണെന്നും, നാം ദൈവീക സ്വരൂപമാകയാൽ ക്രിസ്തുവിലും ത്രിത്വത്തിലും ആയിത്തീരേണ്ടതിനെക്കുറിച്ചും പറയുന്നുണ്ട്. തന്റെ ജഡധാരണവും, ക്രൂശിലെ നിന്ദയും, പീഡയും എല്ലാം ന്യായപ്രമാണ പൂർത്തീകരണമാണെന്ന് ഉറപ്പിച്ചു പറയുന്നു. അതുകൊണ്ടുതന്നെ സ്നാപകൻ പറയുന്നതായി വി.യോഹന്നാൻ അടിവരയിട്ട് രേഖപ്പെടുത്തുന്നു : 'ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടെന്ന്'! അതിന്റെ പൂർത്തീകരണമായി വി.യോഹ 19 : 31 -ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "അന്ന് ഒരുക്കനാളും ആ ശബ്ബത്ത്നാൾ വലിയതും ആകകൊണ്ട് ശരീരങ്ങൾ ശബ്ബത്തിൽ ക്രൂശിന്മേൽ ഇരിക്കരുതെന്ന് വച്ച് അവരുടെ കാൽ ഒടിച്ച് എടുപ്പിക്കണം എന്ന് യഹൂദന്മാർ പിലാത്തോസിനോട് അപേക്ഷിച്ചു". ഈ വാക്യം നമ്മെ ഓർമ്മപ്പെടുത്തുന്നത് നമ്മുടെ കർത്താവ് അറുക്കപ്പെട്ടത് പെസഹാ കുഞ്ഞാടിനെ അറുക്കുന്ന സമയത്താണ്. പുറപ്പാട് പുസ്തകം 3:14-ൽ രേഖപ്പെടുത്തിയിരിക്കുന്നു ; "അതിന് ദൈവം മോശയോട് ; ഞാൻ ആകുന്നവൻ ഞാൻ ആകുന്നു ; ഞാൻ ആകുന്നു എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നിങ്ങനെ നീ യിസ്രായേൽ മക്കളോട് പറയേണം." ഈ വാക്യത്തിന്റെ ചുരുക്കരൂപമായിട്ടാണ് പിതാക്കന്മാർ യഹോവ എന്ന വാക്ക് കാണുന്നത്. ആകുന്ന അവസ്ഥ അല്ലെങ്കിൽ 'isness' സുറിയാനിയിൽ 'ഇസ്സൂസോ' ആണ് ദൈവം. ഈ 'ഇസ്സൂസോ' അല്ലെങ്കിൽ ആകുന്ന ഏക വ്യക്തി കർത്താവാകുന്നു എന്ന് ഏഴ് പ്രാവശ്യം യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു. അപ്പമായും, വെളിച്ചമായും, വാതിലായും,

അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ്

നല്ല ഇടയനായും, വഴിയും സത്യവും ജീവനുമായും, മുന്തിരിവള്ളിയായും, പുനരുത്ഥാനവും ജീവനുമായും പരദേശവാസത്തിന് വന്നിരിക്കുന്ന ഒരു പരദേശിക്ക് ആവശ്യമായതെല്ലാം നമ്മുടെ കർത്താവാകുന്നു. അതുകൊണ്ടാണ് വി.കുർബ്ബാനയിൽ നമ്മുടെ പിതാക്കന്മാർ ചേർത്തിരിക്കുന്നത് 'ഈ വിശുദ്ധതകൾ വിശുദ്ധിയും വെടിപ്പുമുള്ളവർക്ക് മാത്രമാകുന്നു' എന്ന് പറഞ്ഞിട്ട്, തുടർന്ന് പറയുന്നു 'പരി.പിതാവ് നമ്മോടു കൂടെ, പുത്രൻ നമ്മോട് കൂടെ, പരി.റൂഹാ നമ്മോടു കൂടെ' എന്ന്. വി. ത്രിത്വത്തിലൂടെ നമ്മൾ ആകുന്ന അവസ്ഥയിൽ ആകുകയും, വി.കുർബ്ബാന അനുഭവിക്കുവാൻ യോഗ്യരാവുകയും ചെയ്യുന്നു. പഴയ നിയമത്തിൽ മോശ മുൾപടർപ്പിൽ കണ്ടവനെ തന്നെയാണ് ഞങ്ങൾ 'കണ്ടതും തൊട്ടതും അനുഭവിച്ചതുമായ' ക്രിസ്തുവെന്ന് ശിഷ്യന്മാർ പറഞ്ഞിരിക്കുന്ന നമ്മുടെ കർത്താവ് ; **ആ കർത്താവിനെ** തന്നെയാണ് യോഹന്നാൻ തന്റെ സുവിശേഷത്തിൽ അടിവരയിടുന്നത്.

**2. വി.സ്നാപകനും, നമ്മുടെ കർത്താവും, യോഹന്നാന്റെ സുവിശേഷവും**

അമ്മയുടെ ഉദരത്തിൽ ആറാം മാസം മുതൽ നമ്മുടെ കർത്താവിനെ സാക്ഷിച്ചവനും നമ്മുടെ കർത്താവിനെക്കുറിച്ച് പ്രസംഗിച്ചവനുമാണ് വി. സ്നാപകൻ (വി.ലൂക്കോ 1 : 31) അമ്മയുടെ ഉദരത്തിൽ നിന്ന് പ്രസംഗം ആരംഭിച്ച ഒരാളെ ഇതിന് മുൻപും പിൻപും കേട്ടിട്ടില്ല. അതുകൊണ്ട് കൂടെയാവണം നമ്മുടെ കർത്താവ് സ്നാപകന് 'സ്ത്രീകളിൽ ജനിച്ചിട്ടുള്ളതിൽ വലിയവൻ' എന്ന സ്ഥാനം നൽകിയത്. (വി.ലൂക്കോസ് 7 : 28). സ്നാപകൻ തന്റെ പിന്നാലെ വരുന്നവനെക്കുറിച്ച് ത്രിത്വത്തിൽ രണ്ടാമനെന്ന് അടിവരയിട്ട് പറയുകയും, അവൻ എന്നെക്കാൾ വലിയവനെന്ന് സാക്ഷിക്കുകയും ചെയ്തു. യോഹന്നാന്റെ സുവിശേഷം 1 : 19 തൊട്ടുള്ള വാക്യങ്ങൾ പരിശോധിക്കുമ്പോൾ ഞാൻ അല്ല, (I am not) എന്ന് സ്നാപകൻ പറയുന്നതായി കാണുന്നു. ഈ പ്രഖ്യാപനങ്ങൾ സുവിശേഷകൻ രേഖപ്പെടുത്തുമ്പോൾ ആവുന്നത (isness) ക്രിസ്തു മാത്രം ആകുന്നു. ഈ സ്നാപകൻ നമുക്ക് മാതൃക ആക്കേണ്ട ആളാണ്. താൻ കഷ്ടപ്പെട്ട് സമ്പാദിച്ച ശിഷ്യന്മാർ തന്റെ സാക്ഷ്യം കേട്ട് തന്റെ പിന്നാലെ വന്നവന്റെ പുറകാലെ പോകുന്നത് കണ്ടിട്ട് യാതൊരു ഭാവഭേദവും കൂടാതെ വി.സ്നാപകൻ പറയുന്നു 'അവനോ വളരേണം, ഞാനോ കുറയേണമെന്നും'.

**3. ആരാധനാജീവിതത്തിലൂടെ ക്രിസ്തുവിൽ വളരാം (Growth in Christ through prayerful life)**

വി.യോഹന്നാൻ 6 : 21 ൽ ഇപ്രകാരം കാണുന്നു "അവർ അവനെ പടകിൽ കയറ്റുവാൻ ഇച്ഛിച്ചു. ഉടനെ പടക് അവർ പോകുന്ന ദേശത്ത് എത്തിപ്പോയി". പകലന്തിയോളം സുവിശേഷ പ്രവർത്തനങ്ങളിൽ വ്യാപൃതരായ ശിഷ്യന്മാരോട് വൈകിയ സമയത്ത്, ക്ഷീണിതരായ ജനത്തെ കണ്ടിട്ട് നമ്മുടെ കർത്താവ് അവർക്ക് ഭക്ഷണം കൊടുക്കുവാൻ ശിഷ്യന്മാരോട് കല്പിക്കുന്നു. അഞ്ചപ്പവും രണ്ട് മീനും വർദ്ധിപ്പിച്ച് അയ്യായിരം പുരുഷന്മാർക്ക് എന്ന് പറയുമ്പോൾ പതിനായിരത്തിൽപരം ആൾക്കാർ കാണുമല്ലോ. അവരെ പോഷിപ്പിച്ചതിന് ശേഷം പടകിൽ കയറി കർത്താവിന്റെ ഉപദേശപ്രകാരം അവർ വിശ്രമത്തിനായി അക്കരയ്ക്ക് പോകുന്നു. ഇത്രയധികം ജനത്തെ ഇന്നത്തെ ഹൈടെക് രീതിക്ക് പോലും കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടാണ്. എന്നിട്ടും അവരത് ചെയ്തു. ഇന്നത്തെ പെരുന്നാൾ കഴിഞ്ഞ പറമ്പുപോലെയോ അല്ലെങ്കിൽ തീർത്ഥയാത്ര കഴി ഞ്ഞ പാതയോരം പോലെയോ ഇടാതെ എല്ലാമവർ പെറുക്കി കൂട്ടുകയും ചെയ്തു. അതുകൊണ്ടാണല്ലോ പന്ത്രണ്ടു കൊട്ട അപ്പത്തിന്റെ കണക്ക് വന്നത്. അത്രയധികം കഷ്ടപ്പെട്ട ശിഷ്യന്മാരാണ് നേരം നന്നേ വൈകിയ സമയത്ത് പടകിൽ കയറി വിശ്രമത്തിന് പോകുന്നത്. കടലിൽ അവർക്ക് ലഭിച്ചത് പ്രതികൂലതകൾ മാത്രം. അവരുടെ മാനസികവും ശാരീരികവും ആത്മീകവുമായ തളർച്ച നമുക്ക് സ്വപ്നം കാണാൻ കഴിയുന്നതിലും അപ്പുറമാണ്. ഈ സന്ദർഭത്തിലാണ് നമ്മുടെ കർത്താവിന്റെ സാന്നിദ്ധ്യം. ആദ്യം ഭയന്നെങ്കിലും കർത്താവിനെ മനസ്സിലാക്കിയ ശിഷ്യന്മാർ അവനെ പടകിൽ കയറ്റുവാൻ ആഗ്രഹിക്കുന്നു. ഇവിടെയാണ് സുവിശേഷകനായ വി. യോഹന്നാന്റെ പ്രത്യേകത. പടകിൽ കയറിയോ ഇല്ലയോ എന്നതിനെക്കാൾ കർത്താവിനെ പടകിൽ കയറ്റു വാൻ ഇച്ഛിക്കുന്നവർക്ക് പ്രതിസന്ധികളിൽ നിന്ന് വിടുതൽ ലഭിക്കുമെന്ന് സാക്ഷിക്കുന്നു. പതിനെട്ട് സംവത്സരം കൂനിയായ സ്ത്രീയുടെ കഥയും വ്യത്യസ്തമല്ല. ദേവാലയത്തിലെ അവളുടെ നിത്യസന്ദർശനം, സാന്നിദ്ധ്യം, അത് മാത്രം മതിയായിരുന്നു നമ്മുടെ കർത്താവിന്. കർത്താവ് സൗഖ്യമാക്കിയ പലരോടും പാപങ്ങൾ മോചിച്ചിരിക്കുന്നു എന്ന് പറയുമ്പോൾ രോഗത്തിൽ നിന്ന് വിടുതൽ നൽകുകയാണ് ഇവിടെ ചെയ്യുന്നത്. മുടങ്ങാത്ത ആരാധന, പ്രാർത്ഥനാ ജീവിതം നമുക്ക് ഉണ്ടായിരിക്കേണ്ടത് ഇവിടെ അടിവരയിട്ട് സൂചിപ്പിക്കുന്നു.

**4. സാമൂഹ്യപ്രതിബദ്ധതയിലൂടെ ക്രിസ്തുവിൽ വളരുക (Growth in Christ through social commitments)**

കാനാവിലെ കല്യാണത്തിന് നമ്മുടെ കർത്താവ് പച്ചവെള്ളത്തെ മേൽത്തരം വീഞ്ഞാക്കുന്ന സംഭവത്തിൽ മാതാവിന്റെ ഇടപെടൽ അല്ലെങ്കിൽ മദ്ധ്യസ്ഥത ഒരു യഥാർത്ഥ സാമൂഹ്യ പ്രതിബദ്ധതയാണ്. പച്ചവെള്ളത്തെ വീഞ്ഞാക്കുന്ന വിവാഹത്തിൽ ഒരുപക്ഷേ ആ കുടുംബക്കാർ സാമ്പത്തികമായി പിന്നോ ക്കം നിന്നവരായതുകൊണ്ട് ആവശ്യത്തിന് വീഞ്ഞ് കരുതാതെ വരാം. അല്ലെങ്കിൽ അവരോട് പ്രിയമുള്ള ആൾക്കാർ ആയിരിക്കണം ആ ദേശത്ത് ഉണ്ടായിരുന്നത്; അതുകൊണ്ടുതന്നെ നല്ല ഒരു കൂട്ടം ആൾക്കാർ വന്നിരിക്കാം. ഒരുപക്ഷേ ഇത് രണ്ടുമാവാം ; സാമ്പത്തിക ബുദ്ധിമുട്ടും, അതേ

അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ്

സമയം മറ്റുള്ളവർക്ക് ഇവരോടുള്ള സ്നേഹവും. എന്തുതന്നെയാലും കർത്താവിനെയും, അമ്മയെയും, ശിഷ്യന്മാരേയും അവർ വിളിച്ചിരുന്നു. അടുക്കളയിലെ കുറവ് അമ്മയ്ക്ക് ബോദ്ധ്യപ്പെടുകയും അവരെ ആ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കേണ്ടത് തന്റേയും കടമയാണെന്ന് കരുതിയ മാതാവ് പുത്രനെ സമീപിക്കുന്നു. ആ മദ്ധ്യസ്ഥത ഫലിക്കുകയും ചെയ്യുന്നു. ഈ ഇടപെടൽ നമുക്കും ഉണ്ടായേ തീരൂ. ചെയ്യേണ്ടത് ചെയ്യേണ്ടിടത്ത് ചെയ്യാതെ കണ്ടില്ലെന്ന് നടിക്കരുത്. ഇത് ഓർമ്മപ്പെടുത്തുവാനുള്ള വേദഭാഗം എസ്ഥേർ 4:14 ആണ്. "ഇപ്പോൾ നീ മിണ്ടാതെയിരുന്നാൽ ദൈവം നിന്നെ ഈ സ്ഥാനത്തുനിന്നും മാറ്റും..."

സാമൂഹ്യപ്രതിബദ്ധതയുടെ ഹൃദയതാളം കഴിഞ്ഞ വർഷം നാം പഠിച്ചതാണ്. രണ്ട് പ്രധാന വിഷയങ്ങളാണ് ചിന്തിച്ചത്. ഒന്ന്, താളാത്മകമായി ചലിക്കുന്ന സാമൂഹ്യപ്രതിബദ്ധതയുള്ള ഒരംഗമാകുവാൻ നാം പരിശ്രമിക്കണം. നമ്മുടെ വികലതയും 'അവനവനിസവും' താളം തെറ്റിയ ജീവിതവും സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഹാനികരമാണ്. രണ്ട്, താളം തെറ്റിയവരെ നേരായ മാർഗ്ഗത്തിലേക്ക് കൊണ്ടുവരുവാൻ നാം പ്രാർത്ഥനാപൂർവ്വം, യഥാർത്ഥ ഗൃഹപാഠം നടത്തി, അഥവാ പഠനം നടത്തി മുൻകൈ എടുക്കണം. തെറ്റിയവരെ നേരെയാക്കുവാൻ നമ്മുടെ സമയവും, മനസ്സും, സമ്പത്തും വിനിയോഗിക്കണം. ദശാംശം മാറ്റി വച്ചിരിക്കണം.

കൂനിയുടെ അടുത്തേക്ക് ചെന്ന നമ്മുടെ കർത്താവ് സാമൂഹ്യപ്രതിബദ്ധതയ്ക്ക് നല്ല മാതൃകയാണ് കാണിച്ച് തന്നത്. നല്ല ശമര്യക്കാരന്റെ ഉപമയും സാമൂഹ്യപ്രതിബദ്ധതയിലൂടെ ക്രിസ്തുവിലേക്ക് വളരുന്നതിനുള്ള നല്ല മാർഗ്ഗമായി കരുതണം.

**5. പരിസ്ഥിതിയോടുള്ള പ്രതിബദ്ധതയിൽ ക്രിസ്തുവിൽവളരുക (Growth in Christ through environmental commitment)**

ഏതൊരു വ്യക്തിയും നന്നാവുന്നതിനും, ചീത്തയാവുന്നതിനും, വളരുന്നതിനും മുരടിച്ചുപോകുന്നതിനും വലിയൊരളവുവരെ ചുറ്റുപാടും പ്രകൃതിയും പങ്കുവഹിക്കുന്നു. അതുകൊണ്ടുതന്നെ നമ്മുടെ ഈ ചുറ്റുപാടും പ്രകൃതിയും പരിപോഷിപ്പിക്കേണ്ടതും, പരിപാലിക്കേണ്ടതും പരമമായ നമ്മുടെ കർത്തവ്യമാണ്. പ്രകൃതിയെ ചൂഷണം ചെയ്യുന്നത് ആശാസ്യമായ നടപടിയായി കരുതാൻ പറ്റില്ല. സൃഷ്ടിയുടെ മകുടവും പരിപാലകനും രാജാവുമാണ് മനുഷ്യൻ. സർവ്വസൃഷ്ടിയും അണ്ഡകടാഹങ്ങളും ക്രമം തെറ്റാത്ത അവസ്ഥയിൽ ആയിരിക്കേണ്ടത് നമ്മുടെ മാത്രം ആവശ്യമാണ്.

രാജാവും നിബിയുമായ ദാവീദ് പാടുന്നുവല്ലോ "ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു. പകൽ പകലിന് വാക്കിനെ ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു. അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല വാക്കുകളുമില്ല. ഭൂമിയുടെ എല്ലായിടവും അവയുടെ അറിയിപ്പും ഭൂലോകത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു". സ്വർഗ്ഗത്തിലെ മാലാഖമാർ ഒമ്പത് ഗണങ്ങളായി തിരിഞ്ഞ് ദൈവത്തെ സ്തുതിക്കുന്നതുപോലെയാണ് മനുഷ്യനും സർവ്വസൃഷ്ടിയും ദൈവത്തെ സ്തുതിക്കുന്നത്. അതുകൊണ്ടുതന്നെ ഏതൊന്നിനും കുറവോ കോട്ടമോ കേടുപാടോ സംഭവിക്കുന്നത് ദൈവത്തെ സ്തുതിക്കുന്ന ക്രമങ്ങളുടെ താളത്തെ ബാധിക്കുന്നതാണ്. ആയതിനാൽ പ്രകൃതിയോട് പ്രതിബദ്ധതയുള്ള ഒരു സമൂഹമായി, ഒരു കൂട്ടായ്മയായി നാം ആയിത്തീരേണ്ടിയിരിക്കുന്നു. ഒന്ന് മറ്റുള്ളതിനെ ചൂഷണം ചെയ്യുന്നത് ന്യായമല്ല.

**സമാപനം**

**മനുഷ്യന്** ദൈവവുമായും സമൂഹവുമായും പ്രകൃതിയുമായുള്ള ബന്ധം ഇന്ന് കുറഞ്ഞ് വരികയാണ്. ധനം കുമിഞ്ഞ് കൂടി വരുന്നതിനാൽ ഇവയെല്ലാം മറക്കുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നാശത്തിന്റെ കീൽക്കുഴി അന്വേഷിച്ച് സിദ്ദിമിലേക്ക് പോയ ലോത്ത് സോദോമിലെ ബാഹ്യസമൃദ്ധി കണ്ട് അധപതനത്തിലേക്ക് പോകുന്നു. എന്നാൽ ദൈവീക ആലോചനയോടെ പ്രാർത്ഥനയ്ക്ക് മുൻതൂക്കം നൽകുന്ന അബ്രഹാം ആരാധനാലയങ്ങൾ നിർമ്മിക്കുന്നത് നിർവൃതിയായി കണക്കാക്കി, നാം ആഡംബരത്തിന്റേയും ആലസ്യത്തിന്റെയും സുഖലോലുപതയുടേയും മാതൃക ഇല്ലായ്മയുടേയും പുറകെ പോകുമ്പോൾ പിൻതലമുറയ്ക്ക് മാതൃക ഒന്നുമില്ല. നാം മിച്ചം വയ്ക്കുന്നത് അപകടകരമായ ചൂഷണങ്ങളുടേയും ദുർവൃത്തികളുടേയും ശേഷിപ്പുകൾ മാത്രം. ഇന്ന് അറിവ് നേടാൻ എളുപ്പ വഴികൾ ഉണ്ട്. പക്ഷേ, 'നെറിവ് നേടാൻ' പഠിച്ചേ പറ്റൂ. അത് തുടങ്ങേണ്ടത് ശൈശവത്തിലും ബാല്യത്തിലും തന്നെ. ആരംഭിക്കേണ്ടത് ഭവനത്തിൽ നിന്നുമാണ്. അങ്ങനെ വന്നാൽ നാം ആയിരിക്കുന്ന പരിത:സ്ഥിതി മലീമസമാക്കാതിരിക്കാൻ കഴിയും. മുൻ കാലങ്ങളിൽ വിദ്യാഭ്യാസം എന്നത് ജീവിത പരിശീലനമായിരുന്നു. അതുകൊണ്ടുതന്നെ തങ്ങളുടെ കഴിവിനനുസിച്ച് ജീവിക്കാൻ പഠിച്ചു. മറ്റുള്ളവരെ ആദരിക്കാൻ പഠിച്ചു. ദൈവത്തെയും പ്രകൃതിയെയും സ്നേഹിക്കാൻ പഠിച്ചു. പക്ഷേ ഇന്ന് താനല്ലാത്തതെല്ലാം തന്റെ മാത്രം ഉപയോഗവസ്തുവായി കരുതുന്നു. എന്ത്, എങ്ങനെ ഉപയോഗിക്കണമെന്ന് അറിയുന്നില്ല. അതുകൊണ്ടുതന്നെ നമുക്ക് പലതും വിനയാകുന്നു. ഈ ചിന്താഗതി മാറ്റി സ്നാപകയോഹന്നാനെപ്പോലെ ഞാൻ ഒന്നുമില്ല. അവനാകുന്നു എല്ലാം എന്ന് പറയുവാൻ നമുക്ക് കഴിയണം.



# ദൈവരാജ്യവും നിത്യജീവനും നമ്മളുടെ ദൈനംദിന ചിന്തയാവണം

**മലങ്കര ഓർത്തഡോക്സ് സഭയുടെ ബാംഗ്ലൂർ ഭദ്രാസനാധിപൻ ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തയുമായി സെന്റ് തോമസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനം നടത്തിയ അഭിമുഖത്തിന്റെ പൂർണ്ണ രൂപം.**

Date of Birth : 28/12/1969
Parents : Puthenveedu V.A. Mathews & Annie
Parish : St. George Orthodox Valiyapally
: Eram, Thumpamon Diocese
Consecration of Metropolitan
: 12th May 2010, Mar Elia Cathedral, KTM

***1. ലൗകിക മോഹങ്ങളില്ലാത്ത ഈ സന്യാസപദവിയിലെത്താൻ ബാല്യം മുതൽക്കുള്ള ജീവിതം എങ്ങനെയാണങ്ങയെ സഹായിച്ചത്?***

പിതാവിന് എയർഫോഴ്സിൽ ജോലിയായിരുന്നതിനാൽ രണ്ട് വയസ് പ്രായമുള്ളപ്പോൾ മുതൽ ഞാൻ വല്യപ്പച്ചന്റെ ഒപ്പമായിരുന്നു വളർന്നത്. പള്ളിയും കുടുംബത്തിലെ വൈദികരുടെ സാന്നിധ്യവും ബാല്യം മുതൽ ഒരു വൈദികനാകണമെന്ന ആഗ്രഹം എന്നിലുളവാക്കിയിരുന്നു.

ദിവംഗതനായ ദാനിയേൽ മാർ പീലക്സിനോസ് തിരുമേനി എന്റെ വല്ല്യപ്പച്ചന്റെ കുടുംബാഗമായിരുന്നു. തിരുമേനി എന്നെ 'കുഞ്ഞേ' എന്നാണ് വിളിച്ചിരുന്നത്. ആ വാത്സല്യം ഞാൻ എന്നും അനുഭവിച്ചിരുന്നു.

സൺഡേസ്കൂൾ അദ്ധ്യാപകനായ വി.വി. ഇടിക്കുള സാറിന്റെ ശിക്ഷണം മറ്റനേകരെപ്പോലെ എനിക്കും ദൈവഭക്തിയിൽ വളരുവാൻ സഹായിച്ചു. മദ്ബഹായിലെ ശുശ്രൂഷക്ക് പ്രവേശിക്കുന്നിന് മുൻപ് മൂന്നുകൊല്ലം ഞാനുൾപ്പടെയുള്ളവർക്ക് പ്രത്യേക പരിശീലനം ലഭിച്ചിരുന്നു. 8-ാം ക്ലാസ്സിലെ ക്രിസ്തുമസ് അവധിക്കാലത്ത് റാന്നി പെരുനാട് ആശ്രമത്തിൽ ഒരാഴ്ച ധ്യാനമിരുന്ന ശേഷമാണ് വിശുദ്ധ ശുശ്രൂഷകൾക്കുള്ള കൈവയ്പ്പ് ലഭിച്ചത്.

പൂർണ്ണ സന്യാസജീവിതം വേണമെന്നുള്ള ദൈവവിളി ഉണ്ടായത് കോളേജ് വിദ്യാഭ്യാസ കാലത്തായിരുന്നു. പൊതുവേ ഏത് കാര്യത്തിലും പൂർണ്ണ സമയം ചെലവാക്കുന്ന സ്വഭാവമാണ് എനിക്കുള്ളത്. അതുകൊണ്ട് ആത്മീയ ജീവിതമാണ് എന്റെ മാർഗ്ഗമെന്ന് ഞാൻ തീരുമാനമെടുത്തു.

***2. തിരുമേനിയുടെ ജീവിതത്തിന് ഏതെങ്കിലും ഒരു വ്യക്തി പ്രേരണയായിട്ടുണ്ടോ? ഇതല്ലായിരുന്നെങ്കിൽ മറ്റെന്താകുമായിരുന്നു അങ്ങയുടെ ജീവിതം?***

വല്യപ്പച്ചനായിരുന്നു എന്റെ ജീവിതത്തിൽ ഏറ്റവും വലിയ സ്വാധീനം ചെലുത്തിയത്. വൈദികനാകണമെന്നല്ലാതെ മറ്റൊരു ആഗ്രഹമുണ്ടായിരുന്നില്ല ജീവിതത്തിൽ.

*"വിനുവിനെ ഒരു വൈദികനാക്കണമെ അവന്റെ കയ്യിൽ നിന്ന് നിന്റ തിരുശരീര രക്തങ്ങൾ അനുഭവിക്കാനുള്ള യോഗ്യത നൽകണമേ"*

എന്ന് വല്ല്യപ്പച്ചൻ എന്നും പ്രാർത്ഥിക്കുമായിരുന്നു. ഈ പ്രാർത്ഥന എന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുണ്ട്. ഇത് എന്നെ ഒരുപാട് സ്വാധീനിക്കുകയും എന്റെ ജീവിത രൂപീകരണത്തിന് കാരണമായെന്നും ഞാൻ

> **'വിനുവിനെ ഒരു വൈദികനാക്കണമെ അവന്റെകയ്യിൽ നിന്ന് നിന്റ തിരുശരീര രക്തങ്ങൾ അനുഭവിക്കാനുള്ള യോഗ്യത നൽകണമേ'**

- *ദൈവരാജ്യവും നിത്യജീവനും ദൈനംദിന ചിന്തയാവണം.*
- *പഠിപ്പിക്കണം അതിന് മുൻപ് നമ്മൾ പഠിക്കണം.*
- *പ്രാർത്ഥന ജീവതമാക്കിയ സന്യാസിവര്യൻ.*
- *വിവര സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിൽ നിയന്ത്രണം വേണം.*

വിശ്വസിക്കുന്നു.

ഒരു കുഞ്ഞ് ഗർഭസ്ഥ ശിശു ആയിരിക്കുമ്പോൾ മുതൽ അമ്മയുടെ ചിന്തയും വാക്കുകളും പ്രാർത്ഥനയുമൊക്കെ അതിനെ സ്വാധീനിക്കാം. ഇത് ആ കുട്ടിയുടെ വ്യക്തിത്വ വളർച്ചയിൽ പ്രതിഫലിക്കും.

***3. ഒരു വ്യക്തി സന്യാസ ജീവിതത്തിലേക്ക് കടന്ന് വരുവാൻ എന്തൊക്കെ ചവിട്ടുപടികളാണ് അങ്ങേക്ക് നിർദ്ദേശിക്കുവാനുള്ളത്?***

പ്രധാനമായും പ്രാർത്ഥനാ ജീവിതം. കൂടാതെ മനസ്സിന്റെയും ശരീരത്തിന്റേയും നിയന്ത്രണം നിർബന്ധമായും വേണം.

എന്നെ സംബന്ധിച്ചിടത്തോളം ഞാനൊരു ഒറ്റപ്പെട്ട വ്യക്തി ആയിരുന്നില്ല. ഞാൻ നാട്ടിൽ വളരെ ഊർജ്ജസ്വലനായിരുന്നു. അതുകൊണ്ട് തന്നെ ഒരു നാടിന്റെ മുഴുവൻ സംരക്ഷണവും എനിക്കുണ്ടായിരുന്നു.

***4. ഈ പശ്ചാത്തലത്തിൽ ആധുനിക തലമുറയിൽ വിവരസാങ്കേതിക വിദ്യയുടെ അതിപ്രസരം അങ്ങ് എങ്ങനെ വീക്ഷിക്കുന്നു?***

ഞാൻ പറയുന്നത് നോമ്പ് ആഹാരത്തിന് മാത്രമല്ല വർദ്ധിച്ചുവരുന്ന വിവര സാങ്കേതികതയുടെ ഉപയോഗത്തിലും വേണമെന്നാണ്.

ചില അവസരങ്ങളിൽ ഒരു മാധ്യമവും ഉപയോഗിക്കാതെ പത്ത് ദിവസത്തോളം ഞാൻ ധ്യാനമിരിക്കാറുണ്ട്. കൂടാതെ ഇതുമായി ചേർന്ന് ഞാൻ മറ്റ് പല ചിട്ടകളും ശീലമാക്കിയിട്ടുണ്ട്.

മൊബൈൽ ഫോണിൽ ഞാൻ ഇന്റർനെറ്റ് ഉപയോഗിക്കാറില്ല. ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ മാത്രമേ ഉപയോഗിക്കാറുള്ളു. അതും ഓഫീസിൽ മാത്രം.

മാധ്യമങ്ങളുടെ ഉപയോഗം നമുക്ക് നിയന്ത്രിക്കാവുന്നതേയുള്ളു. അങ്ങനെ ചെയ്യണമെന്നാണ് നവീന തലമുറയോട് എനിക്ക് പറയാനുള്ളത്.

***5. ഒരു ഭദ്രാസനത്തിന്റെ ഭരണകാര്യങ്ങളും ആത്മീയ കാര്യങ്ങളും അങ്ങ് എങ്ങനെയാണ് സമന്വയിപ്പിക്കുന്നത്?***

വേദശാസ്ത്രപരമായി ഇവ രണ്ടും വേർതിരിച്ച് കാണിക്കേണ്ട കാര്യമില്ല. നമ്മുടെ ആദിമ പിതാക്കൻമാരും നേതാക്കളും ജ്ഞാനിയായിരിക്കെ തന്നെ ദൈവയിഷ്ടത്തിന് വിധേയപ്പെട്ടവരായിരുന്നു.

ആത്മീയ കർത്തവ്യം മറന്ന് കൊണ്ട് ഒരു ഭരണാധികാരിയായി മാത്രം നിലനിൽക്കുവാൻ സാധിക്കുകയില്ല. ഇവ പരസ്പര പൂരകങ്ങളായി നിലനിൽ ക്കണം.

***6. "അവനോ വളരണം ഞാനോ കുറയണം" എന്ന യുവജന പ്രസ്ഥാനത്തിന്റെ ഈ വർഷത്തെ ചിന്താവിഷയം നവീന തലമുറയുടെ വെല്ലുവിളികളുടെ മുൻപിൽ ഈ ചിന്തയെങ്ങനെയാണ് പ്രായോഗികമാകുക?***

നിത്യജീവൻ എന്നത് നമ്മുടെ ദൈനംദിന ചിന്തയായി മാറണം. ദൈവരാജ്യം എന്നത് നമ്മുടെ ആത്യന്തിക ലക്ഷ്യമാകണം. നേട്ടങ്ങൾക്ക് വേണ്ടി ദൈവത്തെ വിളിക്കുക എന്ന ധാരണ ഇന്ന് ലോകത്തെ ഭരിക്കുന്നു. എന്നാൽ അത് മാറി ദൈവരാജ്യവും നിത്യജീവനും എന്ന ചിന്ത വിശ്വാസിയെ ഭരിക്കണം.

***7. നിത്യജീവനെക്കുറിച്ചുള്ള ഈ ചിന്ത അങ്ങ് എങ്ങനെയാണ് ജനങ്ങളിലേക്ക് സംവേദിക്കുവാൻ ആഗ്രഹിക്കുന്നത്?***

ഇതിനായ് പഠിപ്പിക്കലുകൾ വളരെ പ്രധാനമാണ്. നമ്മൾ മറ്റുള്ളവരെ പഠിപ്പിക്കണം. അതിന് മുൻപ് നമ്മൾ പഠിക്കണം. വേദപുസ്തക വായനയും ധ്യാനവും നിത്യജീവനെക്കുറിച്ചും സ്വർഗ്ഗരാജ്യത്തെക്കുറിച്ചുമുള്ള ചിന്തകൾ നമ്മളിൽ ജനിപ്പിക്കും. അതോടൊപ്പം തന്നെ പിതാക്കൻമാരുടെ എഴുത്തുകളും പഠിക്കുകയും പഠിപ്പിക്കുകയും വേണം. ഇവ രണ്ടുമില്ലാത്തതാണ് നമ്മൾ ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളി. പഠനത്തിലൂടെയും പഠിപ്പിക്കലുകളിലൂടെയും നമുക്ക് ഈ വെല്ലുവിളി മറികടക്കുവാൻ സാധിക്കും.

***8. സഭയുടെ പാരമ്പര്യവും പഠിപ്പിക്കലുകളും മറുനാടൻ മലയാളിയുടെ അടുത്ത തലമുറയിലേക്ക് കടന്നു വരുമോ? മലയാള ഭാഷയുടെയും കേരള ഭൂപ്രകൃതിയുടെയും അതിർ വരമ്പുകൾ മറികടക്കുവാൻ സഭയ്ക്ക് സാധിക്കുമോ?***

സാധിക്കും, കാരണം ഏത് ഭാഷയിലായിരുന്നാലും ദൈവം ഒന്നാണ് കർത്താവിന്റെ വചനങ്ങൾ ഭാഷയ്ക്കും രാജ്യങ്ങൾക്കും അതീതമാണ്.

ഞാൻ കരുതുന്നത് ഒരു ക്രിസ്ത്യൻ സംസ്കാരം നമ്മളിൽ ഉളവാകണം എന്നാണ്. അത് എല്ലാ സംസ്കാരങ്ങൾക്കുമുപരിയായി പിൻതുടരുവാൻ സാധിക്കണം.

***9. എന്തൊക്കെ ഘടകങ്ങളാണ് ക്രൈസ്തവ സംസ്കാരത്തിനുള്ളത്?***

നിന്റെ ദൈവമായ യഹോവയെ പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടും കൂടി സ്നേഹിക്കണം. അത് പോലെ വചനം പഠിപ്പിക്കുന്നു നീ നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണമെന്ന്.

ഈ രണ്ട് വചനങ്ങളുടെ അർത്ഥം മനസ്സിലാക്കി ജീവിക്കുമ്പോൾ ക്രിസ്ത്യൻ സംസ്കാരം ഉളവാകും. ഓർത്തഡോക്സി ഒരു ജീവിതചര്യയാണ്. കുമ്പിടീലും നോമ്പുമൊക്കെ അതിന്റെ ഭാഗമാണ്. ഇത് ജീവിതത്തിൽ പിൻതുടരുവാൻ സാധിക്കണം.

***10. ഗ്രിഗോറിയൻ വർഷിപ്പിന്റെ പ്രാധാന്യമെന്താണ്?***

ഇതൊരു മെതഡോളജി മാത്രമാണ്. സഭയുടെ ആരാധനയ്ക്കും പ്രാർത്ഥനക്കുമാണ് പ്രാധാന്യം.

ഗ്രിഗോറിയൻ വർഷിപ്പിലെ അന്തരീക്ഷത്തെക്കാളുപരിയായി നിശബ്ദമായ ധ്യാനത്തിന് സാധിക്കുമെങ്കിൽ അതിനാണ് പ്രാധാന്യം. നമ്മുടെ ആരാധനയിൽ ഇതെല്ലാമുണ്ടായിട്ടും നമ്മൾ അത് തിരിച്ചറിയാതെ പോവുകയാണ്.

***11. ആദിമ സഭയിൽ ഇത്തരം പ്രാർത്ഥന രീതികൾ ഉണ്ടായിരുന്നോ?***

ക്രിസ്തു ഏകാന്തമായി ധ്യാനിച്ചിരുന്നതായി സുവിശേഷങ്ങൾ പഠിപ്പിക്കുന്നുണ്ട്. 3-ാം നൂറ്റാണ്ടിൽ വി. പക്കോമിയോസിന്റെയും, അന്തോണിയോസിന്റെയും കാലം മുതൽക്കേ ധ്യാനം സഭയുടെ ഭാഗമായിരുന്നു. ഗ്രീക്ക് ഓർത്തഡോക്സ് സഭ സമൂഹത്തിന്റെ പ്രാർത്ഥനാ രീതികൾ ഗ്രിഗോറിയൻ വർഷിപ്പിന്റെ രീതികളെ സ്വാധീനിച്ചിട്ടുണ്ട്. ഇത് ദീർഘനാളായി സഭയിൽ നിലനിൽക്കുന്നതാണ്.

***12. പ്രകൃതിക്ക് അനുയോജ്യമായ രീതിയിൽ മരണപ്പെട്ട ശരീരത്തെ ദഹിപ്പിക്കുന്ന രീതി പലരാജ്യങ്ങളിലും നിലവിൽ വന്നുകൊണ്ടിരിക്കുന്നു. അങ്ങ് ഇതിനെ എങ്ങനെ വീക്ഷിക്കുന്നു?***

വേദപുസ്തകപരമായും, ആരാധനാപരമായും സഭാപ്രസംഗിയും പഠിപ്പിക്കുന്നത് ആത്മാവ് ദൈവത്തിലേക്കും ശരീരം മണ്ണിലേക്കും മടങ്ങണമെന്നാണ്. അതൊരു പ്രകൃതിദത്തമായ പ്രക്രിയയാണ്. അടിസ്ഥാനപരമായ എല്ലാ മൃഗങ്ങളുടെയും അവസ്ഥ ഇങ്ങനെ തന്നെയാണ്.

സിംഗപ്പൂരിലും മറ്റും ഇത്തരം മൃതദേഹങ്ങൾ ദഹിപ്പിച്ച് ചാരം സൂക്ഷിച്ചിരിക്കുന്ന സെമിത്തേരികൾ ഞാൻ സന്ദർശിച്ചിട്ടുണ്ട്.

ഇത്തരം ഒരു സാഹചര്യമുണ്ടായാൽ സഭ കൂട്ടായി എടുക്കുന്ന തീരുമാനമാകും നിലവിൽ വരുക.

***13. അവയവദാനം സഭ അനുകൂലിക്കുന്നുണ്ടോ?***

സഭയുടെ സുന്നഹദോസ് അഴയവദാനം അംഗീകരിക്കുന്നുണ്ട്.

***14. മാധ്യമ ശ്രദ്ധക്കപ്പുറമായി സഭയുടെ സമൂഹത്തിലെ ഇടപെടലുകൾ എന്തൊക്കെയാണ്? നമ്മുടെ മിഷൻ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?***

സഭ ധാരാളം മിഷൻ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. സമൂഹത്തിലെ അധഃകൃതരെയും, അനാഥരെയും, വിധവകളെയും, രോഗികളെയും ജാതിമത ഭേദമെന്യേ മിഷൻ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തി അവരെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ഇതിലേക്ക് മാധ്യമ ശ്രദ്ധ വരേണ്ടതില്ല.

സഭയുടെ വിശ്വാസം സ്വീകരിച്ചുവരുന്നവരെ ഉൾക്കൊള്ളാനുള്ള ആർജ്ജവത്വം സഭയും സമൂഹവും കാണിക്കണം.

**അഭിമുഖം തയ്യാറാക്കിയത് അഡ്വ. ജിനോ മണ്ണിത്തോടൻ & തോമസ് എൻ. യു.**

ലേഖനം

ഫാ. ഡോ. കെ. എം. ജോർജ്



# സന്ധിവാതവും യാമപ്രാർത്ഥനയും

സന്ധിവാതം അനുഭവിച്ചിട്ടുള്ളവർക്കേ അതെന്താണ് എന്ന് ശരിയായി മനസ്സിലാവുകയുള്ളൂ. സന്ധികൾ തോറും വേദനയും നീരും മറ്റും വന്നാൽ ശരീരത്തിന്റെ ചെറിയ ചലനങ്ങൾ പോലും കടുത്ത പ്രയാസമുണ്ടാക്കും. പക്ഷേ വേദന ഉണ്ടാകുമ്പോഴാണ് സന്ധി എന്താണെന്നും അതിന്റെ പ്രാധാന്യം എന്താണെന്നും നാം മനസ്സിലാക്കുന്നത്.

മനുഷ്യശരീരത്തിൽ ആകെ എത്ര സന്ധികൾ ഉണ്ടെന്ന് കൃത്യമായി ആരും പറയുന്നില്ല. കാരണം സന്ധിയുടെ നിർവ്വചനം പൂർണ്ണമല്ല. 250 മുതൽ 300 വരെയെന്ന് പൊതുവെ കണക്കാക്കുന്നു. മനുഷ്യരെപ്പോലെ മൃഗങ്ങൾക്കും ചെടികൾക്കുമെല്ലാം ശരീരസന്ധികളുണ്ട്. എല്ലാ ശരീരചലനത്തിനും ആധാരമാണ് സന്ധികൾ.

സമയത്തിനും കാലത്തിനും സന്ധികളുണ്ട്. ഋതുക്കൾ കാലത്തിന്റെ സന്ധികളാണ്. മഴയും മഞ്ഞും, വസന്തവും വേനലും, ഹേമന്തവും ശിശിരവുമെല്ലാം പരസ്പരം സന്ധിക്കുന്നു. സൂര്യന്റെ ഉദയാസ്തമയങ്ങളുടെ അടിസ്ഥാനത്തിൽ, 24 മണിക്കൂറുകളുള്ള ദിവസത്തെ ഏഴു യാമങ്ങളായി തിരിക്കുന്നു. യാമങ്ങൾ സന്ധികളാണ്. എല്ലാ നിമിഷവും ഒരർത്ഥത്തിൽ സമയസന്ധികളാണെങ്കിലും സായാഹ്നം, പാതിരാത്രി, പ്രഭാതം, മദ്ധ്യാഹ്നം തുടങ്ങിയ യാമസന്ധികളെ നാം എടുത്തു പറയുന്നു. സായാഹ്നത്തിലെ യാമസന്ധിയെ മാത്രമാണ് നാം ഇപ്പോൾ ‘സന്ധ്യ’ എന്നു വിളിക്കുന്നത്. എന്നാൽ എല്ലാ യാമസന്ധികളും സന്ധ്യകളാണ്. സന്ധിയും സന്ധ്യയും ഒരേ വാക്കാണ്. അപ്പോൾ പ്രഭാത സന്ധ്യയും മദ്ധ്യാഹ്ന സന്ധ്യയും ഒക്കെ ആവാം.

ഭൂമി അതിന്റെ സാങ്കൽപ്പികമായ അച്ചുതണ്ടിൽ ഒന്നു കറങ്ങിവരുന്ന 24 മണിക്കൂറുകൾക്ക് ഒരു താളക്രമമുണ്ട്. ഇംഗ്ലീഷിൽ circadian rhythm എന്നാണ് ഈ ദിനവൃത്ത താളത്തിന് പറയുക. ഭൂമിയിലുള്ള സകല ജീവജാലങ്ങളും - മനുഷ്യൻ മുതൽ മൈക്രോബുകൾ വരെയുള്ള സകലതും - സൂര്യനെ ആശ്രയിച്ചുള്ള ദൈനംദിന താളത്തിന് വിധേയമാണ്. രാവിലെ താമരപ്പൂ വിടരുകയും വൈകിട്ട് കൂമ്പുകയും ചെയ്യുന്നു. നിശാഗന്ധികൾ രാത്രിയിൽ വിടരുന്നു. ഇങ്ങനെ പൂക്കളെയും ഇലകളെയും വിടർത്തുകയും മടക്കുകയും ചെയ്യുന്ന മരങ്ങളും ചെടികളും ധാരാളമുണ്ട്. വൈകിട്ട് പക്ഷികൾ പറക്കൽ നിർത്തുകയും ചേക്കേറി സ്വസ്ഥമാവുകയും ചെയ്യും. രാവിലെ ഉണർന്ന് പാടുകയും പറക്കുകയും ചെയ്യുന്നു. രാത്രീഞ്ചരരായ ജീവികളാണെങ്കിൽ സൂര്യാസ്തമയത്തിനു ശേഷമായിരിക്കും അവയുടെ ജീവിതായോധനം ആരംഭിക്കുക.

ഇതൊക്കെ നാം എപ്പോഴും കാണുന്ന സാധാരണ കാഴ്ചകളാണ്. എന്നാൽ നമുക്ക് അദൃശ്യമെങ്കിലും അത്ഭുതകരമായ ബയോകെമിക്കൽ മാറ്റങ്ങൾ ജീവികളുടെ ശരീരത്തിൽ ഇതോടൊപ്പം സംഭവിക്കുന്നുണ്ട്. രാത്രിയാവുമ്പോൾ നമുക്ക് ക്ഷീണവും ഉറക്കവും വരുന്നു, പ്രഭാതത്തിൽ ഉണർവും ഉത്സാഹവും ഉണ്ടാകുന്നു. നമ്മുടെ ശരീരകലകളിലും മസ്തിഷ്ക്ക തരംഗങ്ങളിലും ഹോർമോൺ സംവിധാനങ്ങളിലും, വിശപ്പ്, ദാഹം, ലൈംഗികത, നിദ്ര തുടങ്ങിയ മൗലിക ചോദനകളിലും ദിനവൃത്തത്തിന്റെ താളമുണ്ട്. കനത്ത മഞ്ഞു വീഴുന്ന പ്രദേശങ്ങളിൽ മാസങ്ങളോളം ചില ജീവികൾ ശിശിരനിദ്ര (hibernation) നടത്തും. ഈ ബാഹ്യ മാറ്റങ്ങൾ ശരീരത്തിലെ ഓരോ കോശത്തിലും അതിനുള്ളിൽ ജീനുകളിലും മാറ്റങ്ങൾ വരുത്തുന്നു. ഇത്തരം മാറ്റങ്ങളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയാണ് ക്രോണോബയോളജി (Chronobiology).

മനഃപൂർവ്വം ദിനവൃത്തതാളം അഥവാ ശരീരത്തിന്റെ നാഴികമണി തെറ്റിക്കാൻ കഴിയുന്ന ജീവി മനുഷ്യനാണ്. ഉദാഹരണമായി ഉറങ്ങാനുള്ള രാത്രി സമയം ഉറങ്ങാതിരുന്ന് ജോലിചെയ്യുകയോ വിനോദിക്കുകയോ ചെയ്താൽ താളഭംഗം വരും. വിമാനത്തിൽ പറന്ന് അതിവേഗം, ഭൂമിയുടെ കറക്കത്തിനും സൂര്യന്റെ ഗതിക്കും വിരുദ്ധമായി മറ്റൊരു ഭൂഖണ്ഡത്തിലെത്താം. അമേരിക്കയിൽ പകലാവുമ്പോൾ ഇന്ത്യയിൽ രാത്രിയാവും. ദിനരാത്രങ്ങളുടെ താളം തെറ്റിക്കുന്ന രാജ്യാന്തര യാത്രക്കാർക്ക് ഉണ്ടാകുന്ന അനുഭവമാണ് ജെറ്റ് ലാഗ് (jet lag). മനുഷ്യശരീരത്തിലെ ജീനുകൾ അവയുടെ പ്രവർത്തനം ദിനവൃത്തതാളത്തിന് അനുസരിച്ച് നടത്തുന്നു. താളം തെറ്റിയാൽ നൂറുകണക്കിന് ജീനുകൾ സ്തംഭിക്കും, മറ്റ് ചിലവ ഉണർന്നെഴുന്നേൽക്കും എന്ന് ഈയിടെ ഇംഗ്ലണ്ടിൽ സറി സർവ്വകലാശാലയിൽ നടത്തിയ പരീക്ഷണം തെളിയിച്ചിട്ടുണ്ട്. പക്ഷേ താളം തെറ്റിയാലും കുറെ ദിവസങ്ങൾകൊണ്ട് പുതിയ സ്ഥലത്തെ ഉദയാസ്തമയ-ദിനവൃത്ത താളവുമായി പൊരുത്തപ്പെടാൻ മനുഷ്യനു കഴിയും. അമേരിക്കയിലെയോ ആസ്ത്രേലിയായിലെയോ സമയക്രമമനുസരിച്ച് ഇവിടെ ഇന്ത്യയിൽ കോൾ സെന്ററുകളിലും മറ്റും രാത്രി പകലാക്കി ജോലിചെയ്യുന്ന ധാരാളം ആളുകളുണ്ടല്ലോ ഇപ്പോൾ.

സൂര്യന്റെ ഉദയാസ്തമയങ്ങൾക്കിടയിൽ സകല

ലേഖനം

ഫാ. ഡോ. കെ. എം. ജോർജ്ജ്

ജീവികൾക്കും ചെടികൾക്കും മാറ്റങ്ങൾ നിരന്തരം വന്നുകൊണ്ടിരിക്കുകയാണ്. ആ മാറ്റങ്ങൾ തുടർച്ചയായി ഓരോ നിമിഷവുമുണ്ട് എങ്കിലും ഒരു നിമിഷത്തിലെ മാറ്റം മാത്രമെടുത്താൽ അത് അതിസൂക്ഷ്മമാണ്. അതുകൊണ്ടാണ് മൂന്നു മണിക്കൂർ ഇടവിട്ടുള്ള യാമസന്ധികളെ നാം പ്രത്യേകം പരിഗണിക്കുന്നത് എന്നു തോന്നുന്നു. എല്ലാ മതങ്ങളിലും പ്രാർത്ഥനകളും ധ്യാനവും ക്രമീകരിച്ചിരിക്കുന്നത് യാമസന്ധികളിലാണ്. ഉദാഹരണമായി സായാഹ്ന സന്ധ്യാവന്ദനം ഇന്ത്യയിലെ പുരാതന മതങ്ങളിലും പശ്ചിമേഷ്യയിലെ സെമിറ്റിക് മതങ്ങളിലുമെല്ലാം പ്രധാനമാണ്. പകലും രാത്രിയും സന്ധിക്കുന്ന സമയമാണത്. എല്ലാ ജീവികളുടെയും ശരീരസന്ധികളിൽ ദിനവൃത്തം അനുക്രമം വരുത്തുന്ന മാറ്റങ്ങൾ അവയുടെ സവിശേഷമായ ഒരു പരിവർത്തനബിന്ദുവിൽ എത്തുകയാണ്. ഭാരതീയ പാരമ്പര്യത്തിലും പൗരസ്ത്യ ക്രിസ്തീയ പൈതൃകത്തിലും ഈ സന്ധ്യാവന്ദനത്തിന് അനുഷ്ഠാനങ്ങളുണ്ട്. ഏറ്റവും ലളിതമായ അനുഷ്ഠാനം ഒരു വിളക്കു കൊളുത്തുകയാണ്. എണ്ണത്തിരി ആയാലും മെഴുകുതിരി ആയാലും ഒരേ ധർമ്മമാണ് ഇവിടെ. രാത്രിയെ അതിന്റെ എല്ലാ അന്ധകാരശക്തികളോടും കൂടെ വിപാടനം ചെയ്യാനാണ് തിരി കൊളുത്തുന്നത്. രാത്രി നമുക്ക് മായകാഴ്ചകളും വഴിതെറ്റലും വഞ്ചനാത്മകമായ ഗ്രഹണവും കൊണ്ടുവരുന്നു. നമ്മുടെ ഉള്ളിൽ അതിന്റെ ഇരുളും വ്യാജവും കടക്കാതെ, ആത്മാവിന്റെ ഉണർവും വെളിച്ചവുമാണ് തിരിയിലൂടെ നാം തെളിക്കുന്നത്.

സന്ധിവാതമുള്ളവർ നട്ടെല്ലിന്റെയും കൈകാലുകളുടെയും സന്ധികൾക്ക് വേദന വരുമ്പോൾ ഔഷധതൈലങ്ങളും ബാമുകളും തിരുമ്മി സന്ധികൾക്ക് വഴക്കം വരുത്താൻ ശ്രമിക്കുന്നു. ചില സന്ധികളിൽ അസ്ഥികളുടെ ചലനം സുഗമമാക്കുന്ന ‘കാർട്ടിലേജ്’ വരണ്ടു പോയാൽ സന്ധികൾ പരുഷമാകും. വേദനയുണ്ടാകും. ഇത്തരം സന്ധികളുടെ കാർക്കശ്യം കുറയ്ക്കാനാണ് എണ്ണകൾ പ്രയോഗിക്കുന്നത്.

യാമസന്ധികളും ഇതുപോലെ പരുഷമാകാം. നമുക്കു വേണ്ടത് സൗമ്യവും സ്നിഗ്ധവുമായ സമയമാറ്റമാണ്. അതുകൊണ്ട് ഒരു ദിവസത്തിന്റെ പ്രധാന ജോയിന്റുകളായ യാമസന്ധികളിൽ സ്തോത്രങ്ങളും ശുഭചിന്തകളും ധ്യാനവുമാകുന്ന എണ്ണയിടുകയാണ്. സമയസന്ധികളുടെ ചലനമറ്റ്, മരവിച്ച് കർക്കശമായാൽ നമ്മുടെ ജീവിതം വേദനാപൂർണ്ണമാകും. സമയം എന്നത് നമ്മുടെ ബോധത്തിലാണ്, പുറത്തെ ക്ലോക്കിലല്ല. നാം എണ്ണയിട്ടും, വിളക്ക് തെളിയിച്ചും ലോകത്തിനു വേണ്ടി പ്രാർത്ഥിച്ചും സ്നിഗ്ധമാക്കുന്നത് നമ്മുടെ ബോധത്തെയാണ്. അനുഷ്ഠാനങ്ങൾ നമ്മെ ഇതിന് സഹായിക്കും.

സുകുമാർ അഴീക്കോടിനെപ്പോലെ പല ഗുരുക്കന്മാരും ഉദ്ധരിക്കുന്നതാണ് കാക്കശ്ശേരി ഉണ്ണി ഭട്ടതിരിയുടെ കഥ. നിർബന്ധമായി സന്ധ്യാവന്ദനം അനുഷ്ഠിക്കേണ്ട ബ്രാഹ്മണക്കുട്ടിയാണ് കാക്കശ്ശേരി ഭട്ടതിരി. അയാൾ എന്താണ് അത് അനുഷ്ഠിക്കാത്തത് എന്ന് വിമർശനപൂർവ്വം അന്വേഷിക്കുന്ന കൂട്ടുകാരോട് കുട്ടി പറയുന്നത്, തന്റെ ചിദാകാശത്തിൽ (മനസ്സാകുന്ന ആകാശത്തിൽ) സൂര്യൻ എപ്പോഴും ജ്വലിച്ചു നിൽക്കുകയാണ്; ആ സൂര്യന് അസ്തമയമില്ല. സന്ധ്യ വന്നെത്താതെ എങ്ങനെ സന്ധ്യാവന്ദനം നടത്തും എന്നാണ്! ഇത് ആദ്ധ്യാത്മികതയുടെ ഉന്നതശ്രേണിയാണ്. പ്രകാശിതമായ ബോധമാണ്. എല്ലാവർക്കും പെട്ടെന്ന് അഭിഗമ്യമല്ല. സാധാരണ മനുഷ്യർക്ക് അനുഷ്ഠാനങ്ങൾ, സഹായിക്കും. എങ്കിലും നാം നിരന്തരം നമ്മുടെ ഉള്ളിലെ തിരിനാളത്തെ ജ്വലിപ്പിച്ച് നിർത്തിയില്ലെങ്കിൽ, ദീർഘമായ പ്രാർത്ഥനകളും സങ്കീർണ്ണമായ അനുഷ്ഠാനങ്ങളും സമയസന്ധികളിൽ കൂടുതൽ പാരുഷ്യം കലർത്തും. അത് നമുക്ക് മുഷിപ്പും വിരസതയും നൽകും. യാമസന്ധികളിൽ നമ്മുടെ സ്രഷ്ടാവായ ദൈവത്തിന് നന്ദിയോടെ സ്തോത്രഗാനങ്ങൾ പാടിയും സ്നേഹത്തോടെ സകല ജീവജാലങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചും ധ്യാനിക്കുമ്പോൾ, നമ്മുടെ സമയത്തിന്റെയും ശരീരത്തിന്റെയും സന്ധികളിൽ അത് വഴക്കവും സുഗന്ധവും സൃഷ്ടിക്കുന്ന തൈലമാകും. പുരാതന പ്രാർത്ഥനയിൽ പറയുന്നതുപോലെ, “.... ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും കാലങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയും...” സമയസന്ധികൾക്ക് എണ്ണയിട്ട് ദൈവത്തിന് സ്തുതിയും ആരാധനയും സമർപ്പിക്കുന്നതുമൂലം നമ്മുടെ ബോധം സ്നിഗ്ദ്ധവും പ്രകാശപൂർണ്ണവും വികസ്വരവുമായിത്തീരുന്നു.

*Best wishes* **Varghese Kunju K. & Family**


*Best wishes* **Boban Thomas & Family**

ഓർമ്മക്കുറിപ്പ്

**ഫാ. മനോജ് മാത്യു**



# സ്ലീബാദാസ സമൂഹം നാൽ വഴികളിലൂടെ.........



ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശു ക്രിസ്തുവിനെ ഓർത്തുകൊൾക. അതാകുന്നു എന്റെ സുവിശേഷം. (2 തിമോത്തി 2:8)

പ്രമുഖ സാമൂഹിക പരിഷ്കർത്താവും സ്വാതന്ത്ര്യ സമര സേനാനിയും ആയിരുന്ന പുണ്യ ശ്ലോകനായ പത്രോസ് മാർ ഒസ്താത്തായോസ് തിരുമേനി 1886 ജൂൺ 20 ന് തൃപ്പൂണിത്തറയിൽ പടിഞ്ഞാറേ വീട് പുരവത്തിന്റെയും കുളിയാട്ട് മറിയത്തിന്റെയും മകനായി എം.പി. പീറ്റർ (കൊച്ചുപിള്ള) ജനിച്ചു.

1907 ൽ youngmen syrian association രൂപീകരിച്ചു. ചെറുപ്പത്തിൽ തന്നെ സമൂഹത്തിലെ അധഃസ്ഥിതരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും ഉള്ള അദ്ദേഹത്തിന്റെ സ്നേഹം അവാച്യമാണ്. 1916 ജൂൺ 4 ന് പരുമലപ്പള്ളിയിൽ വച്ച് കണ്ടനാട് ഭദ്രാസനാധിപൻ യുയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലിത്തായിൽ നിന്ന് ശെമ്മാശപ്പട്ടം സ്വീകരിച്ചു.

സ്വന്തം കുടുംബത്തിലുള്ളവരുടെ എതിർപ്പുകളെ അവഗണിച്ച് പൗരോഹിത്യത്തിന്റെ പ്രഥമ പടിയിലേക്ക് പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട സുവിശേഷത്തിന്റെ ഉജ്ജ്വല പോരാളിയാണ് പരിശുദ്ധ പിതാവ്.

1920 ൽ വി. കുർബ്ബാന, തക്സാ, ആണ്ടുതക്സാ തുടങ്ങിയ ആരാധന ക്രമങ്ങൾ സുറിയാനി ഭാഷയിൽ നിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചു. മലങ്കര സഭാചരിത്രത്തിലെ വിപ്ലവാത്മകമായ ഈ മുന്നേറ്റത്തെ സഭയുടെ മേലധികാരികൾ എല്ലാരീതിയിലും എതിർത്തു.

മലങ്കര സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരുമല തിരുമേനിയുടെ വിജാതീയ മിഷൻ എന്ന ദർശനം ഉൾക്കൊണ്ടുകൊണ്ട് 1924 സെപ്തംബർ 14 ന് സ്ലീബാദാസ സമൂഹം അബ്ദേദ് സ്ലീബോ എന്ന മിഷനറി സമൂഹം രൂപീകരിച്ചു.

1924 ലെ വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തുകൊണ്ട് ചരിത്രത്തിന്റെ ഏടുകളിൽ അപൂർവ്വമായ സംഭാവനകൾ നല്കിക്കൊണ്ട് ഒരു സാമൂഹിക പരിഷ്കർത്താവ് എന്ന നാമധേയത്തിന് അർഹനായി. നിർഭാഗ്യവശാൽ ആ അത്ഭുത സംഭവം ഭാരത ചരിത്രത്തിൽ വിസ്മരിക്കപ്പെട്ടു.

1925 ൽ കൊച്ചി മഹാരാജ്യത്തെ അധഃകൃതർക്കായുള്ള സ്പെഷ്യൽ ഓഫീസറായി നിയമിക്കപ്പെട്ടു.

1926 ജൂൺ 5 ന് വൈക്കത്തിന് അടുത്തുള്ള ചെമ്പുപള്ളിയിൽ വെച്ച് സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലിത്തായിൽ നിന്ന് കശ്ശീശാ പട്ടം സ്വീകരിച്ചു.

1943 ജൂലൈ 2 ന് കോട്ടയം പഴയ സെമിനാരിയിൽ വെച്ച് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവയിൽ നിന്നും റമ്പാൻ സ്ഥാനം സ്വീകരിച്ചു.

1952 ൽ ഭാരത മിഷൻ പര്യടനം നടത്തി. പരിശുദ്ധ പൗലോസ് ശ്ലീഹായുടെ മിഷനറി യാത്രകളെ അനുസ്മരിപ്പിച്ചുകൊണ്ട് മൂക്കഞ്ചേരിൽ പത്രോസ് റമ്പാച്ചൻ നടത്തിയ ഭാരതീയ മിഷൻ പര്യടനം മലങ്കര സഭയിൽ കോളിളക്കം സൃഷ്ടിക്കുകയും, വിപ്ലവാത്മകമായ സുവിശേഷ മുന്നേറ്റത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്തു.

1953 മെയ് 15 ന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വെച്ച് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവയിൽ നിന്നും പത്രോസ് മാർ ഒസ്താത്തിയോസ് എന്ന നാമധേയത്തിൽ മെത്രാൻ സ്ഥാനം സ്വീകരിച്ചു.

1953 ജൂലൈ 10 മുതൽ 1968 ഫെബ്രുവരി 2 വരെ മലബാർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലിത്തയായി സേവനം അനുഷ്ഠിച്ചു. കാൽനടയായി കൈയ്യിൽ റാന്തലും, ചുരുളും, ചേങ്ങലയുമായി കാടും മേടും കയറി സമൂഹത്തിലെ ദുർബലരായ വിജാതീയരോട് സത്യസുവിശേഷം പ്രഘോഷിക്കുകയും താൻ പ്രിയം വെച്ച യേശുനാഥന്റെ കല്പന ശിരസ്സാ വഹിക്കുകയും ചെയ്തു.

ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിക്കുവാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോട് കൂടെയുണ്ടെന്ന് അരുളിച്ചെയ്തു. (മത്തായി 28:19 20)

ഈ വചനങ്ങൾ അദ്ദേഹത്തിന് ആവേശവും പ്രചോദനവും പകർന്ന് സത്യ സുവിശേഷത്തിന്റെ മുന്നണി പോരാളിയാക്കിത്തീർത്തു.

1924 മുതൽ 1968 വരെ കേരളത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെ നടത്തിയ ഉജ്ജ്വല സുവിശേഷ പ്രവർത്തന ത്തിന്റെ ഫലമായി 24,735 വിജാതീയരെ മാമോദീസാ മുക്കി ക്രിസ്ത്യാ

നികളാക്കി.

കേരളത്തിലുടനീളം വ്യാപിച്ചു കിടക്കുന്ന ഈ കുടുംബങ്ങൾക്ക് ക്രിസ്തു മതം സ്വീകരിച്ചതുമൂലം സർക്കാരിൽ നിന്ന് ലഭിക്കേണ്ട ആനുകൂല്യം നിഷേധിക്കപ്പെട്ടിരിക്കുന്നു. ഈ നിർധന കുടുംബ ങ്ങൾക്ക് ഭവനം, രോഗചികിത്സ, വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ ജീവകാരുണ്യ പ്രവർത്തന ങ്ങൾ ചെയ്തുകൊണ്ട് സ്ലീബാദാസ സമൂഹം മലങ്കര സഭയിൽ ശ്രദ്ധേയമായ മിഷൻ പ്രവർത്തനങ്ങളാണ് കാഴ്ചവെയ്ക്കുന്നത്.

1968 ഫെബ്രുവരി 2 ന് നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശന ദിവസത്തിൽ ഈ പുണ്യ പിതാവ് രാത്രിയിൽ മൂന്നുമണിയ്ക്ക് എറണാകുളം ലിസി ഹോസ്പിറ്റലിൽ വെച്ച് സ്വർഗ്ഗീയ യേരുശലേമിലേക്ക് പ്രവേശിച്ചു.

1968 ഫെബ്രുവരി 3 ന് എറണാകുളം ജില്ലയിൽ കണ്ടനാട് കർമ്മേൽ ദയറായിൽ പരിശുദ്ധ കുറിയാക്കോസ് സഹദായുടെ നാമത്തിലുള്ള ദേവാലയത്തിൽ പരിശുദ്ധ ഔഗേൻ കാതോലിക്കാ ബാവയുടെ മുഖ്യ കാർമ്മികത്വത്തിൽ കബറടക്കി. ഈ പുണ്യ പിതാവിന്റെ കബറിടം ഇന്നും അനേകർക്ക് ഒരാശാ കേന്ദ്രമാണ്.

## Pray for us



**Kiran Mathew & Family**

Poem

**Eva John**






Four wonder colours unite together
to add colours to life today and forever
RED, GREEN, WHITE, BLACK
What else do they lack

Dubai for its looks
Ajman for what it cooks
Sharjah for its beautiful eye
Oh! What a beauty I wonder and righ!

Fujairah for its heavy rains
Makes you forget about your pains
Abu Dhabi for its amusement
Wherever can we go for enjoyment
Yas Waterworld, Ferrari world
and whatelse may come up in this UAE world

Ras Al Khaimah inpersonates the Dhayah Fort
the only surviving hill top in UAE
If you go there yourself and see
Umm Al Quwain for its holiday spot
Who can forget the Flamingo Beach Resort

All this highlights you would miss
But you may come after reading this
Because I know that you and me
Love our second home country
that is the adorable UAE

ലേഖനം


ബാബുകുര്യൻ പുളിയേരിൽ



# മലങ്കര രാജകവി സി.പി. ചാണ്ടിസാർ

സഭാകവി, സഭാതാരം, സഭയുടെ സ്വർഗ്ഗീയ കിന്നരം, മലങ്കരയുടെ ആപ്രേം തുടങ്ങി അനേക വിശേഷങ്ങളാൽ അറിയപ്പെടുന്ന ദിവംഗതനായ സി. പി. ചാണ്ടിസാർ മഹാഭാഗ്യവാനാണെന്നുള്ളതിൽ തർക്കമില്ല. തലമുറ തലമുറകളായി ലക്ഷോപലക്ഷം കണ്ഠനാളങ്ങളിലൂടെ തന്റെ തൂലികയിൽ പിറന്ന അനശ്വര ഭക്തിനിർഭരമായ ആരാധനാ ഗീതങ്ങൾ അനർഗളം അനുസ്യൂതം നിർഗ്ഗമിച്ചുകൊണ്ടിരിക്കുന്നു എന്നതു തന്നെയാണതിന് കാരണം. ക്രൈസ്തവ സഭയുടെ രണ്ടായിരം വർഷത്തെ ചരിത്രത്തിൽ വേദപുസ്തക രചയിതാക്കളായ മാർ അപ്രേം, മാർ ബാലായി തുടങ്ങിയ ചുരുക്കം പിതാക്കന്മാർക്കും മാത്രം ലഭിച്ച അപൂർവ്വഭാഗ്യം പരിശുദ്ധാത്മ പ്രേരിതനായാണ് അദ്ദേഹം തന്റെ രചനകളെല്ലാം രൂപപ്പെടുത്തിയത്. ലണ്ടൻ മ്യൂസിയത്തിൽ വി. ലൂക്കോസ് വരച്ചതെന്ന് കരുതപ്പെടുന്ന ഒരു പുരാതന അമൂല്യചിത്രം വച്ചിട്ടുണ്ട്. അത് പരിശുദ്ധാത്മാവിനെ പ്രതിനിധാനം ചെയ്യുന്ന ഒരു വൃദ്ധ സന്യാസി ഒരാളുടെ കൈപിടിച്ച് എഴുതിക്കുന്ന ചിത്രമാണ്. വി വേദപുസ്തക രചയിതാക്കൾക്കെന്നതു പോലെ ചാണ്ടിസാറിനും ഇത് നന്നേചേരും.

സുറിയാനി മൂലത്തിലുള്ള പ്രാർത്ഥനാഗാനങ്ങൾ അതേരാഗത്തിൽ അല്പംപോലും വ്യത്യാസം വരാത്തരീതിയിൽ അർത്ഥസമ്പുഷ്ടമായും സംഗീതാത്മകമായും അതീവഹൃദ്യമായി മലയാള ഗീതങ്ങളാക്കിയ സി.പി. ചാണ്ടി എന്ന കവി പുംഗവനെ അത്ഭുതാദരങ്ങളോടെ മാത്രമേ നോക്കിക്കാണാനാകൂ. മലയാളം, സുറിയാനി, സംസ്കൃതം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് എന്നിങ്ങനെ 6 ഭാഷകളിൽ അദ്ദേഹം വ്യുല്പത്തി നേടിയിരുന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ആരാധനാ ക്രമങ്ങളിൽ ഉപയോഗിക്കുന്ന ഒട്ടുമിക്കവാറും ഗീതങ്ങൾ അദ്ദേഹം രചിച്ചവയാണ്. അനേകനാളുകളിലെ പ്രാർത്ഥനയും ധ്യാനവും പലപ്പോഴും തന്റെ രചനകൾക്ക് സഹായമായതായി അദ്ദേഹം പറയാറുണ്ടായിരുന്നു. പാമ്പാക്കുടയിൽ കോനാട്ട് അബ്രഹാം മല്പാനൊപ്പവും പാത്താമുട്ടത്ത് എം. സി. കുര്യാക്കോസ് റമ്പാനൊപ്പവും പരുമലയിൽ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായോടൊപ്പവും താമസിച്ച് നടത്തിയ പ്രാർത്ഥനാ നിരതമായ തപസ്യകളുടെ ഒടുവിൽ കൂദാശ ക്രമങ്ങളും ശ്ഹീമാനമസ്കാരവും, ആനീദായും,ആണ്ടുതക്സയും, പെരുന്നാൾ ശുശ്രൂഷാ ക്രമങ്ങളും മറ്റും മലയാളത്തിൽ സഭയ്ക്ക് ലഭ്യമായി ഫാ. മാത്യൂസ് പ്രഥമൻ ബാവാതിരുമേനി പട്ടക്കാരനായിരുന്ന കാലത്തുതന്നെ അവരൊരുമിച്ച് വിശുദ്ധ കുർബ്ബാനാ ഗാനങ്ങളും സ്ലീബാനമസ്കാരവും ദുഃഖവെള്ളിയാഴ്ച നമസ്കാരവും ചിട്ടപ്പെടുത്തിയിരുന്നു.



വെണ്ണിക്കുളത്ത് ചക്കാലക്കുന്നേൽ ഫിലിപ്പോസ് ഉപദേശിയുടെയും നിരണം മട്ടയ്ക്കൽ പത്രോസ് കത്തനാരുടെ മകൾ അക്കാമ്മയുടെയും തൃതീയ പുത്രനായി 1916 ൽ ജനിച്ച അദ്ദേഹം സംസ്കൃതപഠനത്തിന് ശേഷം പത്തനംതിട്ട ബേസിൽ ദയറാംഗമായി. പില്ക്കാലത്ത് പത്തനംതിട്ട ഹൈസ്ക്കൂൾ അദ്ധ്യാപകനായും പഴയസെമിനാരി മലയാളം അദ്ധ്യാപകനായും അദ്ദേഹം സേവനമനുഷ്ഠിച്ചു. പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവാതിരുമേനി അക്കാലത്ത് പട്ടക്കാരനായി സെമിനാരിയിൽ അദ്ദേഹത്തിന്റെ സഹാദ്ധ്യാപകനായി പ്രവർത്തിച്ചിരുന്നു.

ചാണ്ടിസാറിന്റെ രചനാശൈലി അനേകം പ്രമുഖരുടെ പ്രശംസപിടിച്ചു പറ്റിയിട്ടുണ്ട്. ലളിതമായ പദക്രമങ്ങൾ താളാത്മകമായി ചാരുതയോടെ ചിട്ടപ്പെടുത്തി മനോഹരമായ അലങ്കാരങ്ങൾ ഉപയോഗിച്ചും നവീനവും സങ്കീർണ്ണവുമായ ആശയങ്ങളുടെ ഗാംഭീര്യം തെല്ലും ചോർന്നുപോകാതെയും എന്നാൽ മൃദുലമെന്ന് തോന്നിക്കും വിധമുള്ള രചനാശൈലിയാണ് അദ്ദേഹം അവലംബിച്ചിരിക്കുന്നത്. നൂറുങ്ങു കവിതകളുടെ തമ്പുരാനായിരുന്ന

**ബാബുകുര്യൻ പുളിയേരിൽ**

അദ്ദേഹത്തെ ചിലർ മലങ്കരയുടെ കുഞ്ഞുണ്ണിമാഷ് എന്നും ആദരവോടെ വിളിക്കാറുണ്ട്. പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവ തിരുമേനി, പരിശുദ്ധ ഔഗേൻ ബാവ തിരുമേനി, പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനി, പരിശുദ്ധ മാത്യൂസ് ദ്വിതിയൻ ബാവാതിരുമേനി എന്നിങ്ങനെ നാലു പൗരസ്ത്യ കാതോലിക്കാമാരോടൊപ്പം പ്രവർത്തിക്കുന്നതിനും അവരിൽ നിന്നും ആദരവ് പിടിച്ചുപറ്റുന്നതിനും അദ്ദേഹത്തിന് സാധിച്ചു. ഓർത്തഡോക്സ് ആരാധനാ പാരമ്പര്യത്തിൽ പ്രാർത്ഥനകൾ പലതും ഗാനരൂപത്തിലുള്ളവയാണ്. ഗീതങ്ങൾ ആലപിക്കുമ്പോൾ അവ വിശ്വാസികൾക്ക് കുറെക്കൂടി ആകർഷകമായി അനുഭവപ്പെടാറുണ്ട്. സുറിയാനി ഗാനങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയപ്പോൾ താളലയങ്ങൾക്ക് വ്യത്യാസം വരുത്താതെ അർത്ഥഗാംഭീര്യവും പ്രാസഭംഗിയും ഹൃദയാവർജ്ജകമായി ക്രമീകരിക്കുവാൻ കഴിഞ്ഞു എന്നതാണ് അദ്ദേഹത്തിന്റെ രചനകളുടെ മാഹാത്മ്യം.


മലങ്കര സഭയ്ക്കുവേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവച്ച ഋഷിതുല്യനായ മഹാനുഭാവനായിരുന്ന ബഹുമാനപ്പെട്ട ചാണ്ടിസാർ, സഭയ്ക്കും, സഭാമക്കൾക്കും അദ്ദേഹത്തോട് തീർത്താൽ തീരാത്ത കടപ്പാടുണ്ട്. അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുവാൻ ഉതകുന്ന പല ഉദ്യമങ്ങളും ഇപ്പോഴും നടക്കുന്നുണ്ട് എന്നത് ആശ്വാസകരമാണ്. ദുബായ് സെന്റ് തോമസ് കത്തീഡ്രൽ യുവജനപ്രസ്ഥാനം അദ്ദേഹത്തിന്റെ പേരിൽ എല്ലാവർഷവും ബാസ്മിന്റൺ മത്സരം സംഘടിപ്പിക്കുകയും എവർ റോളിംഗ് ട്രോഫി ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എന്നുള്ളത് അഭിനന്ദനീയമത്രെ, ഇമ്പങ്ങളുടെ പറുദീസയിൽ മാലാഖമാരുടെ വൃന്ദത്തോടൊപ്പം ആ അനശ്വര കവി വിരാജിക്കുമാറാകട്ടെ.

*Pray for us*



**ഒരു വിശ്വാസി**

**പിതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ**



**Reji & Deepa**

ലേഖനം

ജിനു കോശി കുന്നുംപുറത്ത്

# സ്ത്രീ വിവേചനവും സാമൂഹ്യ വ്യവസ്ഥിതിയും



'Make it happen' 2015, ലോക അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ മുഖ്യചിന്താവിഷയം ആണത്. വനിതാദിനത്തിന്റെ പ്രാധാന്യവും കരുത്തും ഏറ്റവും ശക്തമായ രീതിയിൽ ജനങ്ങളിൽ' എത്തിക്കുവാനും, ഇന്നത്തെ സ്ത്രീകൾക്ക് തങ്ങളുടെ ജീവിതത്തെയും, ആശയങ്ങളെയും മുറുകെ പിടിച്ച് മുന്നേറുവാനും പ്രാപ്തം ആയ വിഷയം. തുല്യാവകാശങ്ങൾക്കും വേണ്ടി, പ്രത്യേകിച്ച്, വോട്ടവകാശത്തിനുവേണ്ടി പടിഞ്ഞാറൻ ലോകത്ത് സ്ത്രീകൾ നടത്തിയ സമരങ്ങളെ അനുസ്മരിക്കുന്നതിനും, ലോകത്ത് എല്ലായിടത്തും ഇപ്പോഴും നിലനിൽക്കുന്ന അസമത്വങ്ങളെ അമർച്ച ചെയ്യാനും, പരിഹാരമാർഗങ്ങളെപ്പറ്റി ചിന്തിക്കാനും ഒക്കെ വേണ്ടിയാണ് മാർച്ച് 8 വനിതാദിനമായി കൊണ്ടാടുന്നത്. വർഷങ്ങൾ ആയി ഒരു വ്യവസ്ഥാപിത രീതിയിലാണ് നമ്മൾ വനിതാദിനം ആഘോഷിക്കാറുള്ളത്. സ്ത്രീ വിവേചനത്തിന്റെ അടിവേരുകൾ തേടി ഉല്പത്തിയുടെ പുസ്തകം തുടങ്ങി, ഇന്ന് പത്രങ്ങളിൽ കാണുന്ന പീഡനകഥ വരെ നമ്മൾ തലനാരിഴ കീറി പരിശോധിക്കുന്നു, പിന്നീട് നാം പട്ടികകൾ തയാറാക്കുന്നു, രാജ്യത്ത് നടക്കുന്ന പെൺഭ്രൂണഹത്യകളുടെയും, ശൈശവവിവാഹങ്ങളുടെയും, സ്ത്രീധന മരണങ്ങളുടെയും, സ്ത്രീപീഢനങ്ങളുടെയും കണക്കെടുപ്പ് നടത്തുന്നു. ഒടുവിൽ വിവിധ മേഖലകളിൽ വിജയം കൈവരിച്ച സ്ത്രീകളെയും പെൺകുട്ടായ്മകളെയും ഉദ്ധരിച്ച്, പ്രതീക്ഷയുടെ ചെറുതിരിനാളം ബാക്കിയുണ്ട് എന്ന് പ്രസ്താവിക്കുന്നു. പട്ടികനിരത്തിലിനും, സ്ത്രീ ഉന്നമന പ്രസംഗത്തിനും അപ്പുറത്ത് ഒന്നും നടക്കാതെ ആ ദിനവും കടന്നു പോകുന്നു.

National Crime Bureau യുടെ കണക്കനുസരിച്ച് ഓരോ നിമിഷവും ഒരു സ്ത്രീ ഗാർഹികപീഡനത്തിന് ഇരയാക്കപ്പെടുകയും, സ്ത്രീധനത്തിന്റെ പേരിൽ മാത്രം 18 സ്ത്രീകൾ പ്രതിദിനം ഇന്ത്യയിൽ കൊല്ലപ്പെടുകയും ചെയ്യുന്നു. ഭാരതത്തിൽ ആൺകുട്ടി ജനിക്കുന്നത് നേട്ടം ആയിട്ടും പെൺകുഞ്ഞ് ഒരു ബാധ്യതയും ആയിട്ടാണ് കണക്കാക്കപ്പെടുന്നത്. സമൂഹം അവൾക്കൊരു കൂച്ചുവിലങ്ങിട്ട് അവസരം നിഷേധിക്കുന്നു. നിരക്ഷരരായ സ്ത്രീകളുടെ എണ്ണം ഏതൊരു ഭാരതീയനെയും ലജ്ജിപ്പിക്കുന്നതാണ്. നിരവധി പോരാട്ടങ്ങളിലൂടെയും, ഇടപെടലുകളിലൂടെയും അടുക്കളയിൽ നിന്ന് അരങ്ങത്തെത്തിയ സ്ത്രീ സമൂഹം അടുക്കളയിലും അരങ്ങിലും ഒരുപോലെ വിവേചനാത്മക നിരാകരണത്തിനും, മനുഷ്യത്വരഹിതം ആയ പീഡനത്തിനും വിധേയയാക്കപ്പെടുന്നു. സമകാലീന അവസ്ഥയിൽ പീഡനം എന്ന വാക്ക് ഏറ്റവും കൂടുതൽ സ്ഥാനം പിടിക്കുന്നു. തങ്ങളുടെ പെൺകുഞ്ഞുങ്ങളെ ധൈര്യത്തോടെ ഈ സമൂഹത്തിലേക്ക് ഇറക്കിവിടാൻ മടിക്കുന്ന പേടിക്കുന്ന അമ്മമാരുടെ ലോകം ആയി അധപതിക്കുന്നു.

ആഗോളവത്കരണം സ്ത്രീകളിൽ ദൂരവ്യാപകം ആയ പ്രതിസന്ധികൾ ആണ് ഉണ്ടാക്കിയിരിക്കുന്നത്. ആഗോളവത്കൃത സമൂഹത്തിലെ അധിനിവേശ കമ്പോളത്തിൽ ഉപഭോഗാർത്തിയെ ചൂഷണം ചെയ്യുന്ന പരസ്യങ്ങളിൽ കൂടുതലും സ്ത്രീകളെയാണ് ഉപയുക്തമാക്കുന്നത്. മുതലാളിത്ത കമ്പോളയുക്തി സ്ത്രീകളെ ശരീരം മാത്രമായിട്ടാണ് കാണുന്നത്. കൺസ്യൂമർ സംസ്കാരം പടർന്നു പിടിക്കുമ്പോൾ സ്ത്രീകൾക്ക് വളരെയധികം ചൂഷണങ്ങൾക്കും, തൊഴിൽപരമായ ബുദ്ധിമുട്ടുകൾക്കും വിധേയരാവുന്നു. അസമത്വം കൂടുതൽ മോശമായ രീതിയിൽ വളരുന്നു. സ്ത്രീകൾ കമ്പോള ചരക്കുകൾആയി മാറുകയും സ്ത്രീകളുടെ ലൈംഗികതയെ വിറ്റുകാശാക്കുന്ന പരസ്യങ്ങളുടെ എണ്ണം കൂടുകയും ചെയ്യുന്നു.

സ്ത്രീകളുടെ വിവേചനത്തിനെതിരായ വിപ്ലവങ്ങളുടെ ആദ്യപടി വിദ്യാഭ്യാസ പരമായും, സാമ്പത്തിക പരമായും അവരെ ശാക്തീകരിക്കുക എന്നുള്ളതാണ്. സ്വന്തം ആയ വ്യക്തിത്വം ഉള്ള സ്ത്രീക്കു മാത്രമേ, ചൂഷണത്തിനെതിരെ പ്രതികരിക്കാൻ കഴിയുകയുള്ളൂ. വിദ്യാഭ്യാസത്തിലൂടെയുള്ള ശാക്തീകരണം സ്ത്രീകളെ സാമ്പത്തികമായി സുരക്ഷിതമാക്കുകയും, അവരിൽ ആത്മവിശ്വാസം വളർത്താൻ ഉപകരിക്കുകയും ചെയ്യുന്നു. ഒരു പുരുഷന് വിദ്യാഭ്യാസം കൊടുക്കുമ്പോൾ ഒരു

ലേഖനം

**ജിനു കോശി കുന്നുംപുറത്ത്**


വ്യക്തിയെ ആണ് വിദ്യാ സമ്പന്നനാക്കുന്നതെങ്കിൽ, ഒരു സ്ത്രീക്ക് വിദ്യാഭ്യാസം കൊടുക്കുമ്പോൾ ഒരു കുടുംബത്തെയാണ് വിദ്യാസമ്പന്നം ആക്കുന്നത്.

വ്യവസായിക വിപ്ലവത്തിനു ശേഷം സ്ത്രീകൾ അനുഭവിച്ച ദുരിതങ്ങളിൽ നിന്നാണ് ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ ഉരുത്തിരിഞ്ഞത്. ഇക്കോഫെമിനിസം ലിബറൽ, റാഡിക്കൽ, സോഷ്യൽ എന്നി പലതരത്തിലുള്ള ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ നില വിലുണ്ട്. എന്തായാലും ഭാരതീയ സംസ്കാരത്തി ലുള്ള ഫെമിനിസ്റ്റ് ചിന്താഗതികൾ പുരുഷനെ വെറുക്കുകയും, ഏറ്റുമുട്ടുകയും ചെയ്യുകയല്ല, മറിച്ച് അവനെ ബോധവത്കരിക്കുകയും യജമാനന്റെ കുപ്പായം അഴിച്ചുവെച്ച് സംരക്ഷകനും, സ്നേഹിതനും സഹചാരിയും ആകാൻ പ്രേരിപ്പിക്കുകയും ആണ് ചെയ്യുന്നത്.

സ്ത്രീ പ്രകൃതിയാണ്. പ്രകൃതിയായ സ്ത്രീയെ ചൂഷണം ചെയ്യുമ്പോൾ നശിക്കുന്നത് ഈ ഭൂമിത ന്നെയാണെന്ന് പലരും ഓർക്കുന്നില്ല. സ്ത്രീയും പുരുഷനും പരസ്പരം പൂരകങ്ങൾ ആണ്. വെറുപ്പോ, ഏറ്റുമുട്ടലോ, അടിപ്പെടുത്തലോ, ആ ബന്ധത്തിൽ വിള്ളലുകൾ മാത്രമേ വരുത്തുകയുള്ളൂ. 'അർദ്ധനാരീശ്വരസങ്കൽപ്പം' തന്നെ സ്ത്രീപുരുഷ സമത്വം ദൈവികം ആണ് എന്ന് ഉദ്ഘോഷിക്കുമ്പോൾ സ്ത്രീകൾക്കെതിരെ എന്തിനാണ് ഇത്ര കോലാഹലങ്ങൾ. നിലനിൽക്കുന്ന സാമൂഹ്യ വ്യവസ്ഥതിയിലുള്ള സമൂല മാറ്റമാണ് ആവശ്യം, വ്യവസ്ഥിതി മാറ്റം മനസ്ഥിതി മാറ്റത്തിലൂടെ മാത്രമേ സാധ്യം ആകുകയുള്ളു. സ്ത്രീവിമോചനത്തിന്റെ ആദ്യപടി സ്ത്രീയിൽ നിന്നും ആണ് തുടങ്ങേണ്ടത്. സ്ത്രീസംവരണങ്ങൾ നടപ്പിലാക്കി സ്ത്രീയെ ഒരു പ്രാദേശിക തലത്തിൽ തള്ളിയിടുകയല്ല ഗവൺമെന്റ് ചെയ്യേണ്ടത്. അറിവിന്റെ ലോകത്തേക്ക് കൈപിടിച്ചുയർത്തുകയും സ്ത്രീയെ മാനിക്കുന്ന സമൂഹത്തെ വാർത്തെടുക്കുകയും ആണ് ചെയ്യേണ്ടത്.

Make it happen, അതു സംഭവിക്കട്ടെ ഉന്നമനത്തിനായ് മുന്നേറാം, നല്ലൊരു നാളേയ്ക്കായി നല്ലൊരു മകളായി, നല്ലൊരു ഭാര്യയായി, നല്ലൊരു അമ്മയായി, സഹോദരിയായി ഉന്നമനത്തിനായി പോരാടുന്ന ദയാബായിയും, സുനിതാ കൃഷ്ണനും, തസ്നി ബാനുവും ഒക്കെ ജീവിച്ചിരിക്കുന്ന ഈ ലോകത്ത് നമ്മുടെതായ ഒരു ചെറുതിരിനാളം കൊളുത്താൻ നമുക്കും കഴിയട്ടെ.





കവിത

**ഡോ. ജോബിൻസ് ജോൺ**

# ഒറ്റവാക്ക്

കടലിന്നഗാധതയെ വേഗതയാൽ കീഴടക്കി
മറുകര ചാടിയവൻ... പരദേശി.... പ്രവാസി....

ദിവാസ്വപ്നങ്ങൾ ദുഃസ്വപ്നങ്ങളെന്ന്
കണ്ടറിഞ്ഞവൻ.... അനുഭവിച്ചറിയുന്നവൻ
സ്വമനം കത്തുമ്പോഴും
പ്രതീക്ഷകൾക്കു ജീവജലം നേരുന്നവൻ
പ്രവാസി!.... അഭ്യുദയകാംക്ഷി!....

മരിച്ച ശരീരവും മരിക്കാത്ത മനസ്സുമായ് വന്നവൻ
മിടിയ്ക്കുന്ന ദേഹിയും മരിച്ച മനസ്സും ശേഷിക്കുന്നവൻ
നെടുവീർപ്പുകളെ ആശ്വാസമാക്കുവാൻ
പുതിയ ഈണവും താളവും തേടുന്നവൻ
പ്രവാസി!...... ചിരഞ്ജീവി!.....

പൊള്ളുന്ന വെയിലിന്റെ കാഠിന്യമേറ്റും
ധാർഷ്ഠ്യതയാർന്ന ശകാരങ്ങളേറ്റും
കാലചക്രത്തിന്റെ വേഗമളക്കുന്നവൻ
സമാശ്വാസങ്ങൾക്കും പുളതിരി നേരുന്നവൻ
പ്രവാസി!.... ആശ്വാസ ദായകൻ

അലകൾ നിറയും വ്യഥതൻ സാഗരം
മനസ്സിൽ പേറുന്നവൻ
ഹരിതകം മുറ്റും പച്ചവിരിപ്പിനെ
നിസ്വാർത്ഥം ദാനം ചെയ്യുന്നവൻ
നാടിന്റെ ശോഭന ഭാവിയ്ക്കായ്
പണച്ചാക്കൊഴുക്കുന്നവൻ
പ്രവാസി! ദയാശീലൻ!....

കരയാനും ചിരിക്കാനും മറുവാക്കേകാനും
തടവാനും തഴുകാനും പീഢനമേൽക്കാനും
നിനയ്ക്കാത്തതെന്തും കൈനീട്ടിവാങ്ങാനും
മടിയ്ക്കാത്ത മാനുഷനൊറ്റവാക്കിത്
പ്രവാസി! പ്രവാസി! പ്രവാസി!....

ലേഖനം

തോമസ് എൻ. യു.



# പ്രകൃതി സംരക്ഷണവും മാനവികതയും

ആദിയിൽ ദൈവം ആദാമിനെ സൃഷ്ടിക്കുകയും ഏദൻ തോട്ടത്തിന്റെ കാര്യസ്ഥനാക്കുകയും ചെയ്തു. ആയതിനാൽ ദൈവം മനുഷ്യനെ ഏൽപ്പിക്കുന്ന ദൗത്യങ്ങളിൽ പ്രകൃതി സംരക്ഷണവും ഉൾപ്പെടുന്നു. പ്രകൃതി വിഭവങ്ങളെ ശരിയായ രീതിയിൽ ഉപയോഗിക്കുക എന്നത് മനുഷ്യന്റെ കടമയാണ്. ദൈവം സർവ്വ മനുഷ്യർക്കും വേണ്ടിയുള്ള വിഭവങ്ങൾ ഭൂമിയിൽ നൽകിയിട്ടുണ്ട്. എന്നാൽ സ്വാർത്ഥതയും സ്വജന പക്ഷപാതവും അഴിമതിയും ഭൂമിയിൽ സമ്പന്നരും ദരിദ്രരും എന്ന രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള അന്തരം വലുതാക്കിക്കൊണ്ടിരിക്കുന്നു. ഇതിനൊരു പരിണാമമാണ് ഇന്നത്തെ ലോകം ആഗ്രഹിക്കേണ്ടതും ലക്ഷ്യമാക്കേണ്ടതും. ആധുനികതയുടെ മായാവലയത്തിൽപ്പെട്ട് മനുഷ്യൻ പ്രകൃതിയിൽ നിന്ന് അകലുകയും പ്രകൃതിയെ ഉന്മൂലനാശം ചെയ്യുവാനും ശ്രമിക്കുന്നു. നമ്മുടെ കർത്താവ് തന്റെ ശിഷ്യൻമാരെ പഠിപ്പിച്ച എല്ലാ ഉപമകളും പ്രകൃതിയെയും അതിന്റെ വിഭവങ്ങളെയും ആസ്പദമാക്കിയിട്ടായിരുന്നു. പാപം രണ്ടു തരത്തിലുണ്ട്. ചെയ്യേണ്ടാത്തത് ചെയ്യുന്നതും ചെയ്യേണ്ടവ ചെയ്യാത്തതും. ഈ രണ്ടു പാപങ്ങളും നാം പ്രകൃതിയോട് ചെയ്യുന്നു. പ്രകൃതിയെയും വിഭവങ്ങളെയും നാം വേണ്ട വിധം സംരക്ഷിച്ചില്ലെങ്കിൽ മനുഷ്യരാശിക്ക് വിനാശം സംഭവിക്കും. ആയതുകൊണ്ട് നന്മ ചെയ്യുന്നതിൽ നാം ഉത്സുകരാകുന്നതോടൊപ്പം പ്രകൃതിയെയും അതിന്റെ വിഭവങ്ങളെയും യഥാവണ്ണം പരിപാലിക്കുകയും ചെയ്യണം. അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യവും പ്രവർത്തനങ്ങളും.

ചെറുകഥ

ജെറി വർഗ്ഗീസ്, ജെ വില്ല, കൈപ്പട്ടൂർ



# മഴനാരുകൾ

"മഴയ്ക്കുള്ള ലക്ഷണമുണ്ടല്ലോ വറീതേട്ടാ" ജോസ് മുറ്റത്തേക്ക് ഇറങ്ങി. "ഇപ്പോഴെ കാണില്ലാ.. നീ പേടിക്കണ്ട" വറീതേട്ടൻ മറുപടി കൊടുത്തു. കയറിന്റെ ഒരറ്റം കാർപോർച്ചിന്റെ കമ്പിയിൽ വലിച്ചുകെട്ടി ജോസ് വീണ്ടും വറിതേട്ടന്റെ അടുത്ത് കോലായിൽ കുത്തിയിരുന്നു മുറ്റത്ത് മൂന്നാലു പേർ റ്റാർപ്പോളിൽ വലിച്ചു കെട്ടുന്നതിന്റെ തിരക്കിൽ.

"ഇപ്പോ വർഷം കുറെയായി നീ എന്റെ കൂടെ ഇല്ലിയോടാ? വറീതേട്ടന്റെ ചോദ്യത്തിന് ഒരു മൂളൽ മാത്രം ജോസ് നൽകി. "ഞാൻ പോയാൽ പിന്നെ നീ തനിച്ചാകുമല്ലൊ എന്ന് ഓർക്കുമ്പോൾ.." വറീതേട്ടൻ ജോസിന്റെ തലയിൽ വാത്സല്യത്തോടെ തഴുകി.

"ആളുകൾക്കുള്ള ചായ കൊടുക്കട്ടെ" വറീതേട്ടന്റെ മുഖത്തു നോക്കാതെ ജോസ് എഴുന്നേറ്റു. "നീ ഇവിടിരി ഇന്ന് അതിനൊക്കെ ആളുകൾ ഉണ്ടല്ലോ" തെല്ലൊന്നു നിർത്തി "മക്കൾ" ഒരു ദീർഘനിശ്വാസത്തോടെ "എല്ലാരെയും പഠിപ്പിച്ചു, വളർത്തി, വലുതാക്കി, ഗൾഫുകാരായി, പ്രമാണികൾ ആയി എന്നാൽ നാടു മറന്നു സ്വന്തം വീട് മറന്നു. ജനിപ്പിച്ച അപ്പനെയും അമ്മയെയും മറന്നു" .

പെട്ടെന്ന് മഴ പെയ്തു. ഓവിൽ നിന്ന് വന്ന വെള്ളത്തിന്റെ ഒഴുക്കിൽ ഒരു ഉറുമ്പ് ഒഴുകി. മഴ നനഞ്ഞ് ജോസ് മുറ്റത്തേക്കിറങ്ങി അതിന് ഒരു ഇല ഇട്ടു കൊടുത്തു. അതിനെ തന്നെ നോക്കി അവൻ ആ മഴയത്ത് നിന്നു.

"മഴ നനഞ്ഞു താൻ ആരോടാ ഈ കാര്യം പറഞ്ഞ് നിൽക്കുന്ന ജോസേ? " ഉള്ളിൽ നിന്നുള്ള വറീതേട്ടന്റെ മൂത്ത മകന്റെ വിളികേട്ട് തിരിഞ്ഞ് ജോസ് "അത് വ...." "വേണ്ടടോ, ഇത്രയും നാൾ എന്നെ കാണാത്തവരാണോ ഇനി എന്നെ കാണുന്നത്" അത് പറയുമ്പോൾ വറീതേട്ടന്റെ കണ്ണു നിറഞ്ഞിരുന്നു. എന്നാൽ ആ മഴയത്തും ജോസിന് ആ കണ്ണീർ കാണാമായിരുന്നു. മറ്റാർക്കും കാണാൻ കഴിയാതിരിക്കുന്ന കണ്ണീർ.

കാർപോർച്ചിന്റെ തൂണിൽ ഒരാൾ ഒരു ഫോട്ടോ ഒട്ടിച്ചു

"ആദരാഞ്ജലികൾ
കൊച്ചു വീട്ടിൽ വറീത് (84)"

Prologic

BUSINESS SOLUTIONS LLC

infos

ERP SYSTEM




PB No: 97405|Office 203|Saheel 2|Al Nahda|Dubai|U.A.E

Tel: 04 4206235|Mob: +97150 6549283

Email: info@prologicbs.com | Website: www.prologicbs.com



**Catholicate Rathna Deepam**
H.G. Geevarghese Mar Philexinos
(Puthencavil Kochuthirumeni)
(1897-1951)

MAR PHILOXENOS MEMORIAL FRIENDS ASSOCIATION
MARPFA UAE CHAPTER

ലേഖനം

ബിബിൻ ഏബ്രഹാം



# തലമുറകളിൽ നിന്ന് അന്യമാകുന്ന ജീവിതമൂല്യം

ഞാൻ കുറച്ച് നാൾ മുൻപ് നാട്ടിലെ ഒരു വൃദ്ധമന്ദിരത്തിൽ പോകുവാൻ ഇടയായി. അവിടെയുള്ള കുറച്ച് ആളുകളുമായി സംസാരിക്കുന്നതിന് ഇടയിൽ ഒരു മനുഷ്യൻ എന്റെ മനസ്സിൽ കൊളുത്തിപിടിച്ചു. ഏകദേശം 70 വയസ്സ് പ്രായം തോന്നിക്കും ഞാൻ ആ മനുഷ്യനെ പരിചയപ്പെട്ടു വളരെ അടുത്ത് ഇടപഴകി കഴിഞ്ഞപ്പോൾ ഞാൻ ഞെട്ടിപ്പോയി. 10 വർഷം മുൻമ്പ് ഒരു പ്രവാസ ജീവിതം മതിയാക്കി നാട്ടിൽ പോയി ജീവിതം തുടങ്ങിയ വ്യക്തിയാണ്. ഇപ്പോൾ ആരും ഇല്ലാത്ത അവസ്ഥയിൽ ഈ വൃദ്ധമന്ദിരത്തിൽ കഴിയുന്നു.

ആ മനുഷ്യൻ തന്റെ ജീവിതാനുഭവം പറഞ്ഞു തുടങ്ങി. “പാവപ്പെട്ട കുടുംബമായിരുന്നു. ചെറുപ്പകാലത്ത് കഷ്ടപ്പെട്ട് പഠിച്ച് പ്രവാസജീവിതത്തിലേക്ക് കടന്നു. അങ്ങനെ ഒരു കുടുംബജീവിതവും തുടങ്ങി. മക്കളെ പഠിപ്പിച്ചു നല്ല നിലയിലാക്കി മക്കൾ എല്ലാവരും വിദേശത്ത് കുടുംബമായി സ്ഥിരതാമസം ആയി. ഞാൻ നാട്ടിൽ വന്ന് കഴിഞ്ഞ് കുറച്ച് വർഷം കഴിഞ്ഞപ്പോൾ ഭാര്യമരിച്ചു. വീടും സ്വത്തുക്കൾ എല്ലാം മക്കളുടെ സ്വന്തം പേരിൽ ആക്കി വിശ്രമജീവിതം തുടങ്ങി. ഇപ്പോൾ എന്നെ ആർക്കും വേണ്ടാതായി ആ കണ്ണുകൾ നിറഞ്ഞു തുടങ്ങി..... വിതുമ്പൽ പിടിച്ചടക്കാൻ ആ മനസ്സ് പാടുപെടുന്നുണ്ടായിരുന്നു. ഞാൻ ചോദിച്ചു ആവരോട് അപ്പച്ചന് ദേഷ്യം തോന്നുന്നില്ല. എന്ന് അപ്പോൾ ആണ് ഒരു പിതാവിന്റെ യഥാർത്ഥ സ്നേഹം നിഴലിച്ചു കണ്ടത്” അവർ എന്റെ മക്കൾ അല്ലേ അവർ നന്നായി ജീവിക്കട്ടെ എന്ന്.

ഈയിടെ സോഷ്യൽ മീഡിയായിൽ കണ്ട ഒരു വാചകം എനിക്ക് ഓർമ്മ വരുന്നു. സ്വന്തം മക്കൾക്ക് മൂന്നുനേരം ആഹാരം കൊടുക്കുമ്പോൾ അയലത്തെ പാവപ്പെട്ടവന്റെ മകനെയും വിളിച്ചു ഒരു നേരം ആഹാരം കൊടുക്കുവാൻ മറക്കരുത്. കാരണം നാളെ സുഖമില്ലാതാവുമ്പോൾ ആശുപത്രിയിൽ കൊണ്ടുപോകാൻ മക്കൾ അടുത്ത് കാണില്ല എന്ന്.

ഇന്ന് കൂട്ടു കുടുംബങ്ങളിൽ നിന്ന് അണുകുടുംബങ്ങളിലേക്ക് ഉള്ള മാറ്റം പ്രായമുള്ളവരോടുള്ള മനോഭാവത്തിലും മാറ്റം ഉണ്ടാക്കിയിരിക്കുന്നു. സോഷ്യൽ മീഡിയ വരവും, വാട്ട്സ് അപ്പും, ആൻഡ്രോയിഡും, ഫ്ളാറ്റ് സംസ്കാരവും ഇന്നത്തെ തലമുറയെ ഏകാന്തരാക്കി. ഇന്നത്തെ ആധുനിക ജീവിത സാഹചര്യങ്ങൾ കുടുംബബന്ധങ്ങളുടെ അകലം വർദ്ധിച്ചു. ജോലി തേടി യുറോപ്യൻ രാജ്യങ്ങളിൽ പോകുന്നവർ പ്രായമുള്ള മാതാപിതാക്കളെ ഒറ്റയ്ക്ക് നാട്ടിലാക്കി പോകുന്നത് അവർക്ക് എകാന്ത തടവറ സമ്മാനിക്കുന്നു. ഏകാന്തതയിലും രോഗപീഡയിലും അരക്ഷിതാവസ്ഥയിലും ജീവിതം തള്ളിനീക്കുന്ന പ്രായമുള്ളവരുടെ എണ്ണം ഇന്ന് സമൂഹത്തിൽ കൂടി വരികയാണ്.

ആകുന്നകാലത്ത് ചോരനീരാക്കി മക്കളെ പഠിപ്പിച്ചു വലുതാക്കി നല്ല നിലയിലാക്കിയ മാതാപിതാക്കളെ അവരുടെ വാർദ്ധക്യകാലത്ത് അനാഥാലയങ്ങളിലും വൃദ്ധമന്ദിരത്തിലും തള്ളുന്ന പ്രവണത വേദനാജനകമാണ്. പലപ്പോഴും തനിയെ വീട്ടിൽ കഴിയാതെ വിരസത മാറുവാൻ വൃദ്ധസദനങ്ങളിൽ പോകുന്നവരും ചുരുക്കമല്ലാത്ത അവസ്ഥയായി. പഴയജീവിത രീതികളും ചിന്താഗതികളും ജീവിതത്തിൽ വെച്ച് പുലർത്തുന്ന പ്രായമുള്ള മാതാപിതാക്കളും ആധുനീകതയിൽ ജീവിക്കുന്ന ഇന്നത്തെ തലമുറയും തമ്മിലുള്ള വിടവ് പലപ്പോഴും അവർ തമ്മിൽ അകൽച്ചയും വിദ്വേഷവും കൂടുന്നതിന് കാരണം ആകുന്നു.

“പ്രായമുള്ളവർ നമുക്ക് വേണ്ടപ്പെട്ടവരാണ് എന്ന് നാം ഓർക്കുക”

ഒരാൾ പ്രായമായി എന്ന് വെച്ച് തള്ളിക്കളയുന്ന സാഹചര്യം ഉണ്ടാകരുത്. നാളെ നാം ഓരോരുത്തരും ഈ സാഹചര്യത്തിലൂടെ കടന്ന് പോകേണ്ടവരാണ് എന്ന സത്യം നാം മറന്നുപോകരുത്. ക്രൂരമായി മാതാപിതാക്കന്മാരോട് ഇടപെടുന്നവർ മനസ്സിലാക്കേണ്ട ഒരു സത്യം ഉണ്ട്. ഇത് ഒക്കെ കണ്ട് വളർന്ന് വരുന്ന ഒരു തലമുറയുണ്ട് പിന്നിൽ എന്ന്... ഇന്ന് നിങ്ങളുടെ മാതാപിതാക്കന്മാരോട് ചെയ്യുന്ന അവസ്ഥകൾ നാളെ നിങ്ങളുടെ ജീവിതത്തിലും വരാം എന്ന് ഉള്ളത്.

“മാതാപിതാക്കളെ സംരക്ഷിക്കേണ്ടത് നാം മക്കൾ തന്നെയാണ് എന്നുള്ള സത്യം മറക്കരുത്”

മക്കളെ കഷ്ടപ്പാടിന്റെ മധ്യത്തിൽ വളർത്തി അവർ നല്ല നിലയിൽ എത്തുമ്പോൾ ഉപേക്ഷിച്ച് പോകുന്നത് ധാർമ്മികമല്ല എന്നത് ഓർക്കുക. വാർദ്ധക്യ കാലത്ത് അനാഥാലയങ്ങളിലും വൃദ്ധ

ബിബിൻ ഏബ്രഹാം

സദനത്തിലും കൊണ്ട് തള്ളുന്ന ഈ കാലഘട്ടത്തിൽ സഭയും സമൂഹവും ഇങ്ങനെയുള്ളർക്ക് ഒരു സാന്ത്വനമായി തീരേണ്ടത് അനിവാര്യമാണ്. പ്രായമാകുക എന്നത് ഒരു ശാരീരിക മാറ്റമാണ് എന്ന് ഉൾകൊള്ളുവാനും സന്തോഷവേളകളിലും നമ്മുടെ എല്ലാ ജീവിത തലങ്ങളിലും ക്രിയാത്മകമായി അവരെ ഉൾകൊള്ളുവാൻ നമ്മൾ തയ്യാറായാൽ ഈ വ്യവസ്ഥാപിത ജീവിതത്തിന് മാറ്റം ഉണ്ടാക്കാം.

ജീവിത മൂല്യങ്ങളിലും ധാർമ്മികതയിലും അധിഷ്ഠിതമായ ഒരു തലമുറയ്ക്ക് മാത്രമേ ദൈവികവും മാനവികതയും ഉയർത്തി കൊണ്ടുവരുവാൻ സാധിക്കൂ. അതേ.... അത് നമ്മുടെ ഈ തലമുറയ്ക്ക് സാധിക്കട്ടെ.






Dr. Swapna Binu

# TIPS TO REMEMBER IN SUMMER

• Stay cool and hydrated. Drink more fluids, regardless of your activity level. If you're sweating profusely, you will tend to lose water and electrolytes from the body. Hence replace it by eating a small amount of food with water or by drinking formulated electrolyte drinks. Thirst is the first sign of dehydration and you should drink sufficient amounts of fluids before you feel thirsty in order to prevent dehydration.

• Avoid alcoholic beverages and caffeine, as both of these substances can act as diuretics (substance that promotes the production of urine) and promote dehydration.

• Do not leave anyone in parked closed vehicles for even short periods. Temperatures can rise to high levels in a matter of minutes.

• Apply sunscreen with a sun protection factor (SPF) of 30 or greater, at least 15-20 minutes before going outside and repeat it when needed.

• UV rays are weak before 10 a.m. and after 4 p.m. Plan activities during these times. Wear UVA/UVB protective sunglasses, and a wide brim hat.


• Limit the intake of large portions of protein-rich meals that can increase metabolic heat and warm the body.

• Wear loose fitting, light colored cotton or linen garments.

• Cool showers, baths, and sponge baths can be used to reduce body temperatures.

• Learn the signs of f heat-related illnesses/ emergencies (heat cramps, heat exhaustion, heat stroke). Call emergency services in the event of a heat emergency and try to cool the victim until help arrives.

കവിത



സജി, മാമൂട്ടിൽ

# ഇന്നിന്റെ നേർകാഴ്ച

കനലെരിയുന്ന കണ്ണുകളും
ഉടൽ ഒട്ടിയവയറുമായി
ഉറുമ്പരിച്ച എച്ചിൽകഷണങ്ങൾക്കുമേൽ-
ആർത്തിയോടു ചാടിവീഴുന്ന സുഡാനിലെ-
തെരുവിന്റെ മക്കൾ-ഇത്
അതിജീവനത്തിന്റെ നേർകാഴ്ച!!
    ഗരി നിഝരങ്ങളിലെ നീർച്ചാലുപോലും
    വറുതിയിൽ വിണ്ടുകീറിയ മാറുമായി
    ഘനം പേറും കാർമേഘങ്ങൾക്കായി
    താപസിയായി മാറുന്നു-ഇത്
    പ്രകൃതിയുടെ വിലാപത്തിൻ നേർകാഴ്ച!!
മതമൗലീകതയുടെ ചിത്തഭ്രമംപൂണ്ട്
പാക്കിസ്ഥാനിലെയും സിറിയയിലെയും
ക്രൈസ്തവ ജീവന്റെമേൽ അലറിവീഴുന്ന
മൃഗാളൻമാർ ഇത് മറ്റൊരു
ഫാസിസത്തിൻ നേർകാഴ്ച!!
    സുനാമിയും, ഭൂചലനവും ദുരന്തം വിതച്ച്
    പ്രകൃതിയുടെ അശാന്തത തുടർക്കഥയാക്കി
    സൃഷ്ടാവിന്റെ മുന്നറീപ്പ്-ഇത്
    ശാസ്ത്രം വിരൽ തുമ്പിലെന്ന് സ്വയം
    അഭിമാനിക്കുന്ന അഹന്തതയുടെ തിമിരം
    ബാധിച്ചലോകത്തിന്-ഒരു
    ഉൾകാഴ്ചയ്ക്കായി.................... ●


Pray for us



Saji Chacko & Family





Pray for us

Ema & Eben








"In Ever Loving Memory of"

# Melvinmon



**Melvin George Mathew (22)**

Son of P. G. Mathew (Wilson)

(Sabha Managing Committee Member)



ലേഖനം

അഡ്വ. ജിനോ മണ്ണിത്തോടൻ



# "മരുഭൂമിയിലെ എന്റെ ക്രിസ്തീയ ദൗത്യം"

"My Christian Mission in this desert"

പതിറ്റാണ്ടുകൾക്കപ്പുറം ദുബായിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ സെന്റ് തോമസ് ദേവാലയം സ്ഥാപിതമാകുന്നത് ക്രിസ്തീയ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പ്രതീകമായിട്ടാണ്. കുടുംബത്തിൽ നിന്നും സ്വന്തക്കാരിൽ നിന്നും വേർപിരിഞ്ഞ് ദുബായിലെത്തുന്ന നാനാജാതിമതസ്ഥർക്ക് സ്വാന്തനവും സമാധാനവുമാകുന്നു ഈ ദേവാലയം.

മരുഭൂമിയിലെ നമ്മുടെ പ്രവാസജീവിതത്തിൽ ആഴ്ചയിൽ ഒരു നാളത്തെ കൂട്ടായ്മയ്ക്കും കാലാനുസൃതമായ ആഘോഷങ്ങൾക്കുമപ്പുറം ജീവിതം കൊണ്ട് ക്രിസ്തുവിന്റെ സന്ദേശകരാകുവാൻ സാധിക്കേണ്ടേ? അതല്ലേ ഈ ലോകത്തിലെ നമ്മുടെ ക്രിസ്തീയ ദൗത്യം?

**1. യഹോവ നമ്മുടെ പക്ഷത്തുണ്ടെന്നുള്ള വിശ്വാസം നമ്മളെ ഭരിക്കണം. (Let the faith that Lord is with me should rule over my life)**

സങ്കീർത്തനക്കാരനായ ദാവീദ് പഠിപ്പിക്കുമ്പോലെ യഹോവ എന്റെ പക്ഷത്തുണ്ട് (സങ്കീ. 118:6) The Lord is with me (NIV) എന്ന വിശ്വാസം നമ്മളെ ജീവിതാന്ത്യത്തോളം നടത്തണം. യിസ്രായേൽ ജനത തങ്ങളുടെ പ്രവാസകാലത്ത് ധാരാളം പരീക്ഷണങ്ങൾ അനുഭവിച്ചിരുന്നു. എന്നാൽ അവർ ദൈവത്തെ എപ്പോഴൊക്കെ മുറുകെ പിടിച്ചുവോ അപ്പോഴൊക്ക വിജയം പ്രാപിക്കുകയും എവിടെയൊക്കെ ദൈവത്തെ മറന്നുവോ ആ കാലങ്ങളിലെല്ലാം പരാജയം അനുഭവിക്കുകയും ചെയ്തു.

ദൈവം എന്റെ പക്ഷത്തുണ്ടെന്നുള്ള വിശ്വാസം നമ്മൾ മുറുകെ പിടിക്കണം. പരീക്ഷണങ്ങളുടെയും കഷ്ടപ്പാടുകളുടെയും നടുവിൽ തകർന്നു പോകാത്ത ദൈവ വിശ്വാസം പുതുജീവനേകി നമ്മളെ വഴി നടത്തും. സങ്കീർത്തനക്കാരൻ വീണ്ടും ഓർമ്മിപ്പിക്കുന്നു "കണ്ണീരോടെ വിതച്ചവർ ആർപ്പോടെ കൊയ്യും (സങ്കീ. 126:5) (Those who sow with tears will reap with songs of joy)

**2. വിശ്വാസം നിത്യജീവിതത്തിൽ പ്രതിഫലിക്കണം. (The faith should reflect in your daily life)**

നമ്മൾക്ക് വിശ്വാസമുണ്ടെന്ന് പറയുകയും അത് ജീവിതത്തിൽ പ്രതിഫലിക്കാതിരിക്കുകയും ചെയ്യുന്നത് വിരോധാഭാസമാണ്. നാം അവകാശപ്പെടുന്ന പാരമ്പര്യവും വിശ്വാസവും നമ്മളുടെ ജീവിതരീതിയിലൂടെ മറ്റുള്ളവരിലേക്ക് സംവേദിക്കുവാൻ സാധിക്കണം. സദൃശ്യവാക്യങ്ങൾ ഓർപ്പിക്കുന്നു. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കണം" (സദൃ. 22:6) (Start children off on the way they should go)

ബാല്യത്തിന്റെ കണികകൾ എന്നും നമ്മളിൽ ഉണ്ട്. സ്വന്തം ജീവിതത്തിലെ തെറ്റുകളെ തിരുത്തി രൂപാന്തരം പ്രാപിക്കുവാൻ നമ്മൾക്ക് സാധിക്കും. ആഴ്ചയിൽ ഒരു നാളത്തെ കൂട്ടായ്മയോടൊപ്പം ദൈനംദിന ജീവിതത്തിലും പ്രാർത്ഥനയും വേദവായനയും നമ്മൾക്കുണ്ടാവണം. ധ്യാനവും നോമ്പും കുമ്പിടലും നിത്യജീവിതത്തിന്റെ ഭാഗമാകണം.

**3. "നിന്നെപ്പോലെ തന്നെ നിന്റെ സഹോദരനെയും സ്നേഹിക്കുക" (Love your neighbour as yourself)**

യേശു പഠിപ്പിക്കുന്നു നിന്റെ ദൈവമായ യഹോവയെ പൂർണ്ണമനസോടും പൂർണാത്മാവോടുംകൂടി സ്നേഹിക്കണം. അതോടൊപ്പം "നിന്റെ അയക്കാരനെയും നിന്നെപ്പോലെ തന്നെ സ്നേഹിക്കണം" (മത്താ. 22:39) (Love your neighbour as yourself) ഈ വചനം നമുക്കും പൂർണ്ണമായി അനുസരിക്കാം.

നിന്റെ സഹോദരൻ നിന്റെ കൂടെ വസിക്കുന്നവനോ, നിന്റെ സഹപ്രവർത്തകനോ മറ്റാരുമാകട്ടെ സ്വാർത്ഥത ഇല്ലാതെ അവനെ സ്നേഹിക്കുവാൻ സാധിക്കണം. അവനെ വെറുക്കുവാൻ നിനക്ക് ധാരാളം കാരണങ്ങളുണ്ടായിരിക്കാം. അവന്റെ നിഗളമോ കോപമോ അതിനു കാരണങ്ങളായിരിക്കും.

എന്നാൽ നീ ഓർക്കുക ക്രിസ്തുവിന്റെ സന്ദേശം നിനക്കു പ്രാവർത്തികമാക്കുവാനുള്ളതാണ്. താത്വികമായി മാത്രം നിലനിർത്തേണ്ടുന്നവയല്ല. അവ പ്രാവർത്തികമാക്കുവാൻ ശ്രമിക്കുന്നവനെ ദൈവം എന്നും കരുതും.

> "നിന്റെ നീതിയുള്ള വിധികൾ പ്രമാണിക്കുന്നതിനായി ഞാൻ ആണയിട്ടു നിശ്ചയിച്ചു ഞാൻ ഏറ്റം ക്ഷീണിച്ചിരിക്കുന്നു കർത്താവേ! നിന്റെ വചന പ്രകാരം എന്നെ ജീവിപ്പിക്കേണമേ" (സങ്കീ. 119:106)

സമ്പത്തു വർദ്ധിക്കുമ്പോൾ നമ്മൾ ദൈവത്തെ മറക്കരുത് നിത്യജീവിതത്തിൽ ദൈവം എന്റെ സമീപത്തുണ്ടെന്നുള്ള വിശ്വാസം മുറുകെ പിടിക്കണം. സഹോദരന്റെ ഏതൊരവസ്ഥയേയും ഉൾക്കൊണ്ടുകൊണ്ട് അവനെ സ്നേഹിക്കണം. അതാവട്ടെ മരുഭൂവാസത്തിലെ നമ്മുടെ ക്രിസ്തീയദൗത്യം. ●

AL RUMAN
AUTO SPARE PARTS TR. LLC

AUTHORISED DISTRIBUTOR FOR
POLYTOP®
RESEARCH DEVELOPMENT PRODUCTION MADE IN GERMANY

**Vehicle care products and Accessories for Professional requirments**

• Authorised distributer for POLYTOP car care products from Germany.
• Authorised distributer for MA-FRA car care products from Italy.
• Authorised distributer for FASANO TOOLS from Italy.

P.O. Box : 23918, Sharjah-United Arab Emirates
Tel. : + 971 6 5771840, Fax : +971 6 5771941, Mobile : +971 50 7495732, +971 55 4562119
E-mail : alrasp@eim.ae

# MERIT AWARD

## CBSE - CLASS 10



VIVEK DANI ISSAC
CGPA-10
MATHRU BHASHA PURASKARAM



NITHIN JACOB
CGPA-10
MATHRU BHASHA PURASKARAM



SANDRA LIZ SUNNY
CGPA-10



ANISHA ANN JOHN
MATHRU BHASHA PURASKARAM



TINI ANN KOSHY
MATHRU BHASHA PURASKARAM



MELVIN ELIAS BINU
CGPA-10

## CLASS 12



JOEL JOICE JOHN
SCIENCE TOPPER
(CBSE)



ANGEL LISIYA BABU
COMMERCE TOPPER
(CBSE)



SILVI ELIZABETH SUNNY
COMMERCE TOPPER
(CBSE)



SOPHIA THOMASKUTTY
COMMERCE TOPPER
(KERALA)



റിപ്പോർട്ട്

# പാരിഷ് യൂത്ത് മീറ്റ്



മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നു കരുതി ദൈവം അവന് തക്കതുണയെ നൽകുകയും അവനെ ഒരു വലിയ ജാതിയായി ഉയർത്തുകയും ചെയ്തു. ആദിമ മനുഷ്യന്റെ ജീവിത സാഹചര്യങ്ങൾ പരിമിതമായിരുന്നു. പൊതു ഇടങ്ങളും പൊതു വഴികളും അവന്റെ ജീവിതത്തെ സജീവമായി നിലനിർത്തിയിരുന്നു. മറ്റുള്ളവന്റെ വേദന അവന്റേതുമായിരുന്നു. ജാതിയുടെയും മതത്തിന്റെയും നിറത്തിന്റെയും സമ്പത്തിന്റെയും വേലിക്കെട്ടുകളില്ലായിരുന്നു. ഉത്സവങ്ങളും പെരുന്നാളുകളുമെല്ലാം അവർ ഒന്നായി കൊണ്ടാടി. കാലഘട്ടങ്ങൾ നടന്നു നീങ്ങി ഇന്ന് മനുഷ്യൻ ഉപജീവനത്തിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കപ്പൽ കയറി ജീവിത സാഹചര്യങ്ങൾ മെച്ചപ്പെട്ടു. പക്ഷെ മനുഷ്യനും മനുഷ്യനും തമ്മിലുള്ള അകലം സഞ്ചരിച്ച ദൂരത്തിനനുസരിച്ച് വർദ്ധിച്ചു വന്നു. മറ്റുള്ളവരിൽ നിലീനമായിരിക്കുന്ന നന്മയെ കണ്ടെത്തുവാൻ അവന് സാധിക്കാതെ വരുന്നു. ഏകാന്തത ഇന്ന് ആധുനീക മനുഷ്യൻ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ്.

കാലഘട്ടത്തിന്റെ ശബ്ദം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്ന ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനം ആധുനിക ലോകത്തിനാവശ്യമായ ശാന്തിയും സമാധാനവും പുനഃസ്ഥാപിച്ചു. ഒരു നവലോകം ക്രമപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ പാരിഷ് യൂത്ത് മീറ്റ് ഒരു മാറ്റത്തിന്റെ ശംഖൊലിയായി അലയടിച്ചുയർന്നു. ഒരു സർഗാത്മക നൂനപക്ഷമായി സമൂഹത്തിന്റെ മൊത്തം മാറ്റത്തിനായി യുവജനങ്ങൾ ഒന്നടങ്കം അണിനിരന്ന പാരിഷ് യൂത്ത് മീറ്റിൽ 1200 അംഗങ്ങൾ പങ്കെടുത്തു. കടമകളും ഉത്തരവാദിത്തവും തിരിച്ചറിഞ്ഞ് പ്രവർത്തിക്കുമെന്ന് അവർ പ്രതിജ്ഞ ചെയ്തു.

ഏതൊരു തീരുമാനത്തിനു മുമ്പും ധ്യാനത്തിന്റെ ഒരിടവേളയും മൗനത്തിന്റെ സാന്ദ്രതയും വേണം. ശാന്തമായിരുന്നാൽ തെളിയാത്ത പുഴയും തെളിയും. ഒരു തെളിഞ്ഞ കണ്ണാടിപോലെ അഭിവന്ദ്യ ഡോ. എബ്രഹാം മാർ സെറാഫീം തിരുമേനി നയിച്ച ഗ്രിഗോറിയൻ വർഷിപ്പ് ആദ്ധ്യാത്മികതയുടെ അഗാതങ്ങളിലേക്ക് ജനതയെ നയിച്ചു. ദേവാലയത്തിന്റെ അരണ്ട വെളിച്ചത്തിൽ ദൈവവുമായി സംസർഗ്ഗത്തിൽ ഏർപ്പെട്ട് അനുതാപ പ്രാർത്ഥനകളും സ്തോത്രഗീതകങ്ങളും അലയടിച്ചുയർന്ന ദൈവിക അന്തരീക്ഷം അനേകരെ അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും വി. കുർബ്ബാനാനുഭവത്തിലേക്കും നയിച്ചു. ദുബായ് ഇടവകക്ക് ഒരു പുത്തൻ അനുഭവമായി ഇതു മാറി.

എല്ലാം ആരംഭിക്കുവാൻ ഒരു ഊഴംകൂടി നമുക്ക് ലഭിക്കുന്നു എന്ന തിരിച്ചറിവോടെ ആധുനിക ലോകത്ത് യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികളും സാധ്യതകളും ചർച്ച ചെയ്യപ്പെട്ട കോൺഫറൻസിൽ വ്യത്യസ്ഥതകൾ അനവധിയായിരുന്നു. അഭിവന്ദ്യ സെറാഫിം തിരുമേനി നേതൃത്വം നൽകിയ ക്ലാസ്സുകൾ അനേകരെ സഭയുടെയും സമൂഹത്തിന്റെയും പ്രവർത്തനങ്ങളിലേക്ക് എത്തിക്കുവാൻ മുഖാന്തിരമായി. പ്രാർത്ഥനയും ധ്യാനവും സമയാധിഷ്ഠിതമായി ചെയ്യുവാൻ നമുക്ക് സാധിക്കേണ്ടിയിരിക്കുന്നു. മനുഷ്യന് സ്വയം നിയന്ത്രണം ഉണ്ടായെങ്കിൽ മാത്രമെ അതിൽ മാറ്റമുണ്ടാകു എന്ന് തിരുമേനി ഉദ്ബോധിപ്പിച്ചു. അനേകരുടെ വിശ്വാസപരമായ അജ്ഞത ദുരീകരിക്കുവാനും തിരുമേനിയുടെ പാണ്ഡിത്യം പ്രയോജനപ്പെട്ടു.

മറ്റുള്ളവരെ വിമർശിക്കുക എന്നതിലുപരിയായി നമുക്ക് എന്ത് ചെയ്യുവാൻ സാധിക്കും എന്ന തിരിച്ചറിവാണ് നമുക്കുണ്ടാകേണ്ടത്. ആധുനിക തലമുറയെ സഭയുടെ ഭാഗമായി നിർത്തുവാൻ സാധിക്കുന്ന കർമ്മ പദ്ധതികൾ ആരംഭിക്കേണ്ടിയിരിക്കുന്നു. സാങ്കേതിക വിദ്യ സഭയുടെയും സമൂഹത്തിന്റെയും നന്മക്കുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ രൂപകല്പന ചെയ്യണം. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഇടയിലേക്ക് ഇറങ്ങി അവരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് എത്തിക്കുന്ന പ്രവർത്തനങ്ങൾക്ക് എന്നും സാധ്യതയുണ്ട്. ഇന്ത്യൻ കോൺസുൽ ഡോ. റ്റിജു തോമസ് നയിച്ച ക്ലാസ്സുകൾ വിവിധ സാധ്യതകൾ അംഗങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കപ്പെട്ടു. യുവജനങ്ങളുടെ ആവേശമായി ശ്രീ. വിൽസൻ ഫിലിപ്പ് അവതരിപ്പിച്ച "സമകാലിക സമൂഹത്തിൽ യുവജനങ്ങൾ" എന്ന വിഷയം കൂടുതൽ ഗൗരവമായി ചിന്തിക്കുകയും പഠിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. നല്ല നേതൃത്വം ഒരു സമൂഹത്തെ നേർവഴിക്ക് നയിക്കും. റവ. ഫാ. ഷാജി മാത്യൂസ്, റവ. ഫാ. ലെനി ചാക്കോ എന്നിവർ നേതൃത്വം നൽകിയ പാരിഷ് യൂത്ത് മീറ്റിന്റെ ആവേശം ഹിമാദ്രിയോളം ഉയർത്തി.

ഏതൊരു വലിയ യാത്രയുടെയും തുടക്കം ഒരു ചെറിയ കാൽവയ്പ്പിൽ നിന്നാണ്. അത് ഇവിടെ ആരംഭം കുറിച്ചിരിക്കുന്നു. ദീർഘദൂരം താണ്ടുവാൻ നമുക്ക് സമയമായിരിക്കുന്നു. 'അവസാനിച്ചിടത്ത് ഒന്നും ആരംഭിക്കുന്നില്ല. ആരംഭിച്ചിടത്ത് ഒന്നും അവസാനിക്കുന്നില്ല. ഒരു തുടർ പ്രക്രിയയിലൂടെ തുടങ്ങിയ പ്രവർത്തനങ്ങൾ പൂർണ്ണതയിലേക്ക് എത്തിക്കുവാൻ യുവജന പ്രസ്ഥാനത്തിന് സാധിക്കട്ടെ എന്ന് പ്രാർത്ഥനയോടെ......

**മനോജ് തോമസ്**
ജനറൽ കൺവീനർ

# വേനൽശിബിരം

കൊച്ചുകൂട്ടുകാരുടെ വേനൽക്കാല ഉത്സവത്തിന് കൊടിയേറുന്നു. ആടിയും പാടിയും ശീലുകൾ ചൊല്ലിയും കൊച്ചുകൂട്ടുകാർ ഒന്നിക്കുകയാണ്. ജൂലൈ 24 ാം തീയതി വെള്ളിയാഴ്ച 10 മണി മുതൽ 5 മണി വരെ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയങ്കണത്തിൽ വേനൽശിബിരം നടത്തപ്പെടുന്നു. കുടുംബത്തെക്കുറിച്ചും കുടുംബത്തിലെ മാധ്യമങ്ങളുടെ കടന്നുകയറ്റവും ചർച്ചചെയ്യുവാനായി വിജ്ഞാന വിനോദ പ്രദമായ പഠന മൂലകൾ.

**"കൂടു കൂട്ടാം കൂട്ടു കൂടാം**
**നാടിൻ നന്മയ്ക്കായ് ഒത്തുചേരാം"** എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിലെപ്പോലെ തനിമ ചോരാതെ ഒട്ടേറെ പുതുമകളുമായി അണിയിച്ചൊരുക്കുന്ന ഈ പഠന മാമാങ്കത്തിന്റെ വിളംബരം ഓതിക്കൊണ്ട് ജൂലൈ മാസം 17 ാം തീയതി അനുബന്ധ പരിപാടിയും നടത്തപ്പെടുന്നു.

മണലാരണ്യത്തിന്റെ ചൂടേറ്റുവളരുന്ന നമ്മുടെ കുഞ്ഞുങ്ങൾക്ക് മാതൃനാടിന്റെ കുളിർമയേകി സംഘടിപ്പിക്കുന്ന ഈ പഠനക്കളരി ഇന്ന് മറ്റ് എമിറേറ്റ്സുകളും, കടലും കടന്ന് വിവിധ രാജ്യങ്ങളിലുള്ള മറ്റ് ഇടവകകളിലും എത്തിനിൽക്കുമ്പോൾ നമുക്ക് ഇത് നിറവിന്റെ പതിനൊന്നാം വർഷം. ഈ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടുവാൻ കൊച്ചുകൂട്ടുകാരെയും സുഹൃത്തുക്കളെയും സഹർഷം സ്വാഗതം ചെയ്യുന്നു.

## EDIFY CARE

**ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു എഞ്ചിനീയറിംഗ് വിദ്യാർത്ഥിയുടേയും, ഒരു ബി.ഡി.എസ് നഴ്സിംഗ് വിദ്യാർത്ഥിനിയുടേയും പൂർണ്ണമായ പഠനച്ചിലവുകൾ ഏറ്റെടുത്ത് നടത്തുന്നു. ഈ അദ്ധ്യയന വർഷം ഒരു വിദ്യാർത്ഥിക്കും കൂടി സഹായം നൽകണമെന്ന് താത്പര്യപ്പെടുന്നു. ആയതിലേക്ക് ഏവരുടേയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. ഇതിൽ പങ്കാളികൾ ആകുവാൻ ആഗ്രഹിക്കുന്നവർ യുവജന പ്രസ്ഥാനം ഭാരവാഹികളുമായി ബന്ധപ്പെടുക.**

**email : ocymdubai@gmail.com**

## എന്റെ മലയാളം

മലയാള പഠനപദ്ധതി

സെന്റ് തോമസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം, ദുബായ്

ശ്രേഷ്ഠ മലയാള ഭാഷയുടെ അക്ഷര വാതായനങ്ങൾ കുട്ടികൾക്ക് തുറന്നു കൊടുക്കുന്നതിനായി ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനം 2014 ൽ ആരംഭിച്ച പഠന പദ്ധതിയാണ് എന്റെ മലയാളം. യുവജന പ്രസ്ഥാനം യൂണിറ്റ് സ്വന്തമായി തയ്യാറാക്കിയ പാഠാവലിയാണ് ക്ലാസ്സുകൾക്ക് ഉപയോഗിക്കുന്നത്. മലയാളം ക്ലാസ്സിന്റെ രണ്ടാമത്തെ ബാച്ച് ഈ വർഷം ആരംഭിക്കുവാനും സാധിച്ചു. എല്ലാ ശനിയാഴ്ചയും 04:30 മുതൽ 06:30 വരെ മലയാളം ക്ലാസ്സ് നടന്നുവരുന്നു. 135 ഓളം കുട്ടികളും 20 ഓളം അദ്ധ്യാപകരും സഹ അദ്ധ്യാപകരും ക്ലാസ്സുകളിൽ പങ്കെടുക്കുന്നു.

## JOBCELL

From late 2009 onwards and even today , many of our fellow church members have been lost their jobs laid due to the effects of the global recession. On the other hand, we have many companies in the UAE who seek qualified and experienced candidates for vacancies in their organizations.

OCYM job cell seeks to connect these two groups by posting job vacancies and collecting the CVs of job seekers. Our candidates include professionals from all fields such as engineering, accounts, office administration, logistics, nurses and sales professionals. Our job cell is committed to assisting maximum number of our church members as part of our service initiative.

***Even if you are not an employer or a job seeker, you can help by:***
- Referring the right candidate for a vacancy listed on our site.
- Informing OCYM Job Cell regarding any opening that may arise in your company / own establishments or through any of your contacts.
- Informing / introducing us to HR Consultants and agencies functioning in the UAE.
- Providing us with the contact information of HR officer of your respective companies along with a company profile so that our applicants can apply directly.

Employers and job seekers who would like to have more details are requested to contact
**E-mail : jobcellocymdubai@gmail.com or ocymdubai@gmail.com.**
**Website : www.stthomasocymdubai.org**

# യുവജന പ്രസ്ഥാനം കഴിഞ്ഞ 6 മാസ പ്രവർത്തനങ്ങളിലൂടെ

## സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനം-ദുബായ്



'യൗവനത്തിൽ നീ നിന്റെ സൃഷ്ടാവിനെ ഓർത്തുകൊൾക' എന്ന വേദവാക്യ അടിസ്ഥാനത്തിലും 'ആരാധന, പഠനം, സേവനം' എന്ന ആപ്ത വാക്യങ്ങൾ മുഖമുദ്രയാക്കി പ്രവർത്തിക്കുന്ന മലങ്കര ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ ഈ വർഷത്തെ ചിന്താവിഷയമായ 'അവനോ വളരേണം, ഞാനോ കുറയേണം' എന്ന വിഷയത്തിൽ കൂടുതൽ പ്രാധാന്യം നൽകി ആത്മീയ കാര്യങ്ങൾക്ക് കൂടുതൽ മുൻതൂക്കം കൊടുത്തുകൊണ്ട് ദൈവകൃപയാൽ 2015 വർഷത്തെ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു എന്നുള്ളതിൽ ആദ്യമായി സർവ്വശക്തനായ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

**2015 വർഷത്തെ പ്രസ്ഥാനം ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | - റവ. ഫാ. ഷാജി മാത്യൂസ് |
| വൈസ് പ്രസിഡന്റ് | - ശ്രീ. ജോസ് അലക്സ് |
| സെക്രട്ടറി | - ശ്രീ. ബിന്റുമത്തായി |
| ജോ.സെക്രട്ടറി | - ശ്രീ. റെജി ചാക്കോ |
| ട്രഷറർ | - ശ്രീ. ചെറിയാൻ ഉമ്മൻ |
| ലൈബ്രേറിയൻ | - ശ്രീ. ഏബ്രഹാം മാത്യു |
| അസ്സി. ലൈബ്രേറിയൻ | - ശ്രീമതി ജിനുകോശി |
| എക്സ് ഓഫീഷ്യോ | - ശ്രീ. ആന്റോ ഏബ്രഹാം |

**കമ്മറ്റി അംഗങ്ങൾ**

ശ്രീ. മനോജ് തോമസ്
ശ്രീ. ജോമി തമ്പാൻ
ശ്രീ. അനിൽ വർഗ്ഗീസ്
ശ്രീ. സജി മാത്യു
ശ്രീ. റ്റിനു തോമസ്
ശ്രീ. നിജോ പി. കോശി
ശ്രീ. ജെറിൻ ജി. മാത്യു

**ലേഡീസ് കോ ഓർഡിനേറ്റർ**

ശ്രീമതി. ജിസ് ആൻ മാത്യു

**ദിവ്യബോധനം കോ. ഓർഡിനേറ്റർ**

ശ്രീ. ബിജു തങ്കച്ചൻ

**ധ്വനി കോ-ഓർഡിനേറ്റർ**

ശ്രീ. റെൻജിൻ സി. ജോൺസൻ

**ഇന്റേണൽ ഓഡിറ്റർ**

ശ്രീ. കുര്യൻ വർഗ്ഗീസ്

**സെപ്ഷ്യൽ ഇൻവൈറ്റി**

ശ്രീമതി ജിഷി ബിന്നി
(യു.എ.ഇ. സോണൽ ജോ. സെക്രട്ടറി)

**പ്രവർത്തന ഉദ്ഘാടനം (ജനുവരി 09)**

അഹമ്മദബാദ് ഭദ്രാസനധിപൻ അഭി. ഡോ. ഗീവർഗ്ഗീസ്മാർ യൂലിയോസ് തിരുമേനി 2015 വർഷത്തെ പ്രവർത്തനം ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ഇരുട്ടിനോട് യുദ്ധം ചെയ്യാൻ ഒരു കൈത്തിരി വെട്ടമായിത്തീരാൻ, ഒരു പൂർണ്ണവെളിച്ചമായിത്തീരാൻ ഓരോരുത്തർക്കും കഴിയണമെന്നും അഭി. തിരുമേനി ഉദ്ബോധിപ്പിച്ചു.

**കാർഷിക അവാർഡ് (ജനുവരി 17)**

മലങ്കര ഓർത്തഡോക്സ് സഭയിലെ മികച്ച കർഷകനു നൽകുന്ന പരി. വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് കാർഷിക അവാർഡ് (2014 ലെ കാർഷിക അവാർഡ്) അഭി. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്ത തുമ്പമൺ സ്വദേശി ശ്രീ. എം. ജി. ജോസഫിനു നൽകി ആദരിച്ചു.

**പേതൃത്താ ഭക്ഷ്യമേള (ഫെബ്രുവരി 13)**

പ്രസ്ഥാനത്തിന്റെ ചാരിറ്റി പദ്ധതിയായ, പഠനത്തിൽ മികവു പുലർത്തുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ഉന്നത വിദ്യാഭ്യാസ സഹായ പദ്ധതിയായ എഡിഫൈ കെയറിലേക്കുള്ള ധനശേഖരണത്തിനായി രുചികരമായ നസ്രാണി ഭക്ഷ്യ വിഭവങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഭക്ഷ്യമേള സംഘടിപ്പിച്ചു.

**അലൈൻ തീർത്ഥാടനം (മാർച്ച് 06)**

മലങ്കര സഭാഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായ ആദ്യ ദേവാലയമായ അലൈൻ സെന്റ് ഡയനീഷ്യസ് ദേവാലയത്തിലേക്ക് തീർത്ഥയാത്ര നടത്തി.

**വിശ്വാസപഠന ക്ലാസ്സ് (40-ാം വെള്ളി - മാർച്ച് 27)**

വലിയ നോമ്പിനോടനുബന്ധിച്ച് 40-ാം വെള്ളിയാഴ്ച ചെന്നൈ ഭദ്രാസനാധിപൻ അഭി. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് തിരുമേനിയുടെ നേതൃത്വത്തിൽ 'ഓർത്തഡോക്സ് ആരാധനയുടെ അതുല്യത രക്ഷാകര സംഭവങ്ങളുടെ ഓർമ്മ" എന്ന വിഷയത്തെ ആസ്പദമാക്കി വിശ്വാസ പഠന ക്ലാസ്സ് നടന്നു.

**ബുക്ക് സെയിൽ (ഏപ്രിൽ 03)**

കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷക്രമം എന്ന പേരിൽ പാതിനോമ്പ്, ഊശാന, പെസഹാവ്യാഴം, കാൽകഴുകൽ, ദുഃഖവെള്ളിയാഴ്ച നമസ്ക്കാരം, ഉയിർപ്പ് ശുശ്രൂഷകൾ ചേർത്ത് ബുക്കുകൾ അടിച്ച് വിതരണം ചെയ്യാനും സാധിച്ചു.

**ഈസ്റ്റർ ആഘോഷം (ഏപ്രിൽ 05)**

ചെന്നൈ ഭദ്രാസന മെത്രാപ്പോലിത്ത അഭി. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ സോണാപൂർ സഹോദരങ്ങളോടൊപ്പം ഈസ്റ്റർ ആഘോഷിക്കുവാൻ സാധിച്ചു.

**അടുക്കളത്തോട്ടം (ഏപ്രിൽ 24)**

മലയാളിയുടെ പൈതൃകമായ കൃഷിയെപ്പറ്റിയും കൃഷി രീതികളെകുറിച്ചും, അതിന്റെ സംസ്കാരത്തെക്കുറിച്ചും വിഷം ഇല്ലാത്ത പച്ചക്കറികൾ വീട്ടിൽ തന്നെ

നട്ട്വളർത്താനും അതിന്റെ ഭാഗമായി 'മട്ടുപ്പാവിലെ ജൈവകൃഷി' പരിചയപ്പെടുത്തുകയും പരമാവധി ഭവനങ്ങളിൽ ജൈവകൃഷി എത്തിക്കാനും സാധിച്ചു.

**നിയമ ജാലകം (മെയ് 01)**

പ്രവാസികളുടെ നിയമ പ്രശ്നങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി അഡ്വക്കേറ്റ് വി. ഫിലിപ്പ് മാത്യൂസ് ക്ലാസ്സ് നയിക്കുക ഉണ്ടായി.

**പുസ്തകോത്സവം കവിയരങ്ങ് (മെയ് 15)**

ലോക പുസ്തക ദിനത്തോടനുബന്ധിച്ച് പ്രസ്ഥാനം ലൈബ്രറിയുമായി ബന്ധപ്പെടുത്തി ഡി.സി. ബുക്ക്സിന്റേയും ബൈബിൾ സൊസൈറ്റിയുടെയും സഹകരണത്തോടെ പുസ്തക പ്രദർശനം നടത്തപ്പെട്ടു. അതോടൊപ്പം പ്രസ്ഥാനം പ്രവർത്തകരുടെ കഴിവുകളെ വികസിപ്പിക്കുന്നതിനായി അംഗങ്ങൾ സ്വന്തമായി രചിച്ച കവിതകളും കൂട്ടിചേർത്തുകൊണ്ട് 'കവിയരങ്ങു' സംഘടിപ്പിക്കാൻ സാധിച്ചു.

**പാരീഷ് യൂത്ത് മീറ്റ് & ഗ്രീഗോറിയൻ വർഷിപ്പ് (മെയ് 28-29)**

ആധുനിക കാലഘട്ടത്തിൽ യുവജനങ്ങളുടെ ഉത്തരവാദിത്തങ്ങളും അതിൽ നിന്ന് ഉയരുന്ന വെല്ലുവിളികളും, യുവജനങ്ങൾ സമൂഹത്തിൽ നിറവേറ്റപ്പെടേണ്ട ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണ് ക്വാളിറ്റി ഓഫ് ലൈഫ് എന്ന വിഷയത്തെ ആസ്പദമാക്കിയും ബാഗ്ലൂർ ഭദ്രാസനാധിപൻ അഭി. ഡോ. ഏബ്രഹാം മാർ സെറാഫിം തിരുമേനി ആധികാരികമായി ക്ലാസ്സുകൾ നയിക്കുക ഉണ്ടായി. 28.5.15 സന്ധ്യാ പ്രാർത്ഥനയും ഗ്രീഗോറിയൻ വർഷിപ്പും നടത്തുകയുണ്ടായി.

**ലൈബ്രറി & ഇ-ലൈബ്രറി**

വിവിധ വിഷയങ്ങളിലായി വിപുലമായ പുസ്തക ശേഖരമുള്ള ലൈബ്രറി പ്രവർത്തിക്കുന്നു. ലൈബ്രറിയുടെ ഭാഗമായി ഇ-ലൈബ്രറിയുടെ പ്രവർത്തനം 29.05.2015 ബാംഗ്ലൂർ ഭദ്രാസനാധിപൻ അഭി. ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. പുരാതന രേഖകൾ, പിതാക്കന്മാരുടെ എഴുത്തുകൾ, അമൂല്യമായ കൈ എഴുത്തു പ്രതികൾ എന്നിവയും ഇലക്ട്രോണിക് ഡോക്യുമെന്ററികൾ, ഫീച്ചറുകൾ, ഐക്കണുകൾ, ഡോക്യുമെന്ററികൾ, വീഡിയോ ഓഡിയോ ക്ലാസ്സുകൾ, OCYM തയ്യാറാക്കിയ ടെലിഫിലിമുകൾ, മാഗസിനുകൾ എന്നിവ ലഭ്യമാണ്.

**ഡോക്യുമെന്ററി**

Earth and its fullness belongs to God

OVBS കുട്ടികൾക്കായ് ധ്വനിയുടെ നേതൃത്വത്തിൽ ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു എന്ന ഡോക്യുമെന്ററി നിർമ്മിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്തു.

**പരിസ്ഥിതി ദിന സെമിനാർ (ജൂൺ 5)**

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു ജൂൺ മാസം 5 ന്, കഴിഞ്ഞ 10 വർഷങ്ങളിൽ ലോകത്തിൽ, പ്രകൃതി നേരിട്ട ദുരന്തങ്ങളെക്കുറിച്ചും, ഭൂമിയെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും ആഗോള താപത്തെപ്പറ്റി ശ്രീ. ജോബിൻ ജേക്കബ്ബിന്റെ നേതൃത്വത്തിൽ സെമിനാർ നടത്തി.

**ബ്ലെഡ് ഡൊണേഷൻ ക്യാമ്പ് (ജൂൺ 26)**

ദുബായ് ബ്ലെഡ് ഡൊണേഷൻ സെന്ററിന്റെയും ലത്തീഫാ ഹോസ്പിറ്റലിന്റേയും സഹകരണത്തോടെ ബ്ലെഡ് ഡൊണേഷൻ ക്യാമ്പ് സംഘടിപ്പിച്ചു.

**സ്മരണാഞ്ജലി**

ഭാഗ്യസ്മരണാർഹരായ പിതാക്കന്മാർ സഭയ്ക്കും സമൂഹത്തിനും നൽകിയ സംഭാവനകളെ കുറിച്ച് ഒരു ലഘു ലേഖനം എല്ലാ മാസത്തിന്റെ ആദ്യ ആഴ്ച പ്രസ്ഥാനം ഹാളിൽ പ്രദർശിപ്പിച്ചുവരുന്നു.

**പഠനക്ലാസ്സുകൾ**

വെള്ളിയാഴ്ചകളിലുള്ള റെഗുലർ മീറ്റിംഗുകളിൽ, ബൈബിൾ ആരാധന, സഭാചരിത്രം, നോമ്പ് മുതലായവയെ പറ്റിയും ആനുകാലിക വിഷയങ്ങളെപ്പറ്റിയും ക്ലാസ്സുകൾ നടന്നുവരുന്നു.

**മലയാളം ക്ലാസ്സ്**

മലയാളം ക്ലാസ്സുകൾ അതിന്റെ രണ്ടാമത്തെ ബാച്ചും എല്ലാ ശനിയാഴ്ചയും 4.30 മുതൽ 6.30 വരെ നടന്നുവരുന്നു. ഏകദേശം 135 കുട്ടികളും 20 ഓളം അദ്ധ്യാപകരും സഹ. അദ്ധ്യാപകരും ഇതിൽ പ്രവർത്തിക്കുന്നു.

**ജോബ് സെൽ**

പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ചിട്ടയായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിൽ കൂടി ഇടവകയിലെ യുവജനങ്ങൾക്ക് ധാരാളം തൊഴിലവസരങ്ങൾ നൽകുവാൻ സാധിച്ചു.

**ദിവ്യബോധനം**

ദിവ്യബോധനത്തിന്റെ ക്ലാസ്സുകൾ എല്ലാ തിങ്കളാഴ്ചകളിലും നടത്തപ്പെടുന്നു.

**ധ്വനി**

യുവജനങ്ങളുടെ കലാ അഭിരുചികൾ വളർത്തിയെടുക്കുവാൻ വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**എഡിഫൈ കെയർ**

മലങ്കര സഭയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഠനത്തിൽ മിടുക്കരായ വിദ്യാർത്ഥി/ വിദ്യാർത്ഥിനിയുടെ ഉന്നത വിദ്യാഭ്യാസത്തിനു ഗ്രാന്റ് നൽകുന്നു.

**അനുമോദനങ്ങൾ**

ജബൽ അലി സെന്റ് ഗ്രീഗോറിയോസ് ഇടവക യുവജനപ്രസ്ഥാനം ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് എവർറോളിംഗ് ട്രോഫിക്കുവേണ്ടിയുള്ള പ്രസംഗ മൽസരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ദുബായ് യൂണിറ്റ് അംഗം ശ്രീമതി. ഷിനി ആന്റോയെ അനുമോദിച്ചു.

ഒ.സി.വൈ.എം യു.എ.ഇ. സോണൽ സംഘടിപ്പിച്ച

ക്വിസ്സ് മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ദുബായ് യൂണിറ്റ് അംഗങ്ങളായ ശ്രീ. തോമസ് എൻ. യു., ശ്രീ. മോൻസി ഫിലിപ്പ്, ശ്രീ. ബിജു ജോർജ്, ശ്രീ. ബിജു തങ്കച്ചൻ, ശ്രീ. ജിജു തോമസ്, ശ്രീമതി മഞ്ജു മാത്യു, ശ്രീമതി ജെയ്സി പീറ്റർ എന്നിവരെ അനുമോദിച്ചു.

**ഒ.സി.വൈ.എം. ക്രിക്കറ്റ് ടീം.**

ഒ.സി.വൈ.എം. ക്രിക്കറ്റ് ടീം എല്ലാ വെള്ളിയാഴ്ചയും പ്രാക്ടീസ് നടത്തിവരുന്നു.

**പ്രാർത്ഥനാ യോഗങ്ങൾ**

എല്ലാ രണ്ടാമത്തെ വ്യാഴ്യാഴ്ചയും എല്ലാ ശനിയാഴ്ചയും പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ വി. ദേവാലയത്തിൽ സന്ധ്യാ നമസ്ക്കാരത്തെ തുടർന്ന് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പ്രാർത്ഥനകൾ നടന്നുവരുന്നു.

അനുഗ്രഹീതമായി നടത്തുന്ന ദൈവത്തിനു നന്ദികരേറ്റുന്നതോടൊപ്പം മലങ്കര സഭയുടെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന മലങ്കര സഭയുടെ പരമാദ്ധ്യക്ഷനും പൗരസ്ത്യ കാതോലിക്കായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവയോടുള്ള ഭക്തിയും കൂറും വിധേയത്വവും ഈ അവസരത്തിൽ അവിടുത്തെ തൃപ്പാദത്തിൽ സമർപ്പിക്കുന്നു. യുവജ പ്രസ്ഥാനം പ്രസിഡന്റ് അഭി. യൂഹാനോൻ മാർ പോളികാർപ്പോസ് തിരുമേനിയോടും കേന്ദ്ര കമ്മറ്റിയോടും ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് തിരുമേനിയോടും പ്രസ്ഥാനം യൂണിറ്റ് പ്രസിഡന്റ് ബഹു. ഷാജി മാത്യൂസ് അച്ചനോടും, സഹവികാരി ബഹു. ലെനി ചാക്കോ അച്ചനോടും യുവജന പ്രസ്ഥാനത്തിന്റെ എല്ലാ സഹപ്രവർത്തകരോടുമുള്ള ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും അറിയിച്ചു കൊണ്ട് വിനയപൂർവ്വം സമർപ്പിക്കുന്നു.

പ്രാർത്ഥനയോടുകൂടി
സ്നേഹപൂർവ്വം

**ബിന്റു മത്തായി**
യൂണിറ്റ് സെക്രട്ടറി

abc solutions unlimited

AL BASIL COMPUTERS LLC

**Our Services**

- Computer Sales & Services
- Annual Maintenance Contract for computers (AMC)
- Server Solutions, PC Repairing, Networking, PABX
- Telephone Systems, Attendance & Access Control Devices

PO Box : 126028, Karama, Dubai, UAE
Tel. : 04-3573038, Fax : 04-3573044, Mob.: 050 7445161, Mob.: 055 7445161
Email : shibu@basildubai.com / info@basildubai.com
Web : www.basildubai.com

## പ്രസംഗ മത്സരം, ക്വിസ് എന്നിവയ്ക്ക് സമ്മാനാർഹരായ യുവജന പ്രസ്ഥാന അംഗങ്ങൾ










## സൺഡേ സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. ബാബുക്കുട്ടി സാറിനും, യുവജന പ്രസ്ഥാന അംഗവും, ലൈബ്രേറിയനുമായിരുന്ന ശ്രീ. ജിജു തോമസിനും നൽകിയ യാത്ര അയപ്പ്






# സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനം 2015 ഭാരവാഹികൾ



**Fr. Shaji Mathews**
President & Vicar



**Fr. Lany Chacko**
Asst. Vicar



**Alexander Jose Alex**
Vice President



**Bintu Mathai**
Secretary



**Reji Chacko**
Jnt. Secretary



**Cherian Oommen**
Treasurer



**Anto Abraham**
Ex-Officio



**Manoj Thomas**
Committee Member



**Jomi Thampan**
Committee Member



**Tinu Thomas**
Committee Member



**Anil Varghese**
Committee Member



**Jerin G. Mathew**
Committee Member



**Saji Mathew**
Committee Member



**Nijo P. Koshy**
Committee Member



**Jiz Ann Mathew**
Ladies Co-ordinator



**Abraham Mathew**
Librarian



**Jinu Koshy Kunnumpurathu**
Asst. Librarian



**Biju Thankachan**
Divyabodhanam
Co-ordinator



**Ranjin C. Johnson**
Dwani
Co-ordinator



**Jishi Anna Binny**
(Special Invitee)
Zonal Jnt. Secretary




**Kurian Varghese**
Internal Auditor







മലയാളം ക്ലാസ്സ്







കാർഷിക അവാർഡ്











